മാനസാന്തരം

(ഒരു ജപ്പാനീസ് നാടകം)

പരിഭാഷകൻ:

ചങ്ങമ്പുഴ കൃഷ്ണപിള്ള, എം. എ.

Digitized By Kerala Sahitya Akademi

മാനസാന്തരം

(ഒരു ജാപ്പാനീസ് നാടകം)

മൂലഗ്രന്ഥകാരൻ:

സനീത്സു മുഷാക്കോജി

പരിഭാഷകൻ:

ചങ്ങമ്പുഴ കൃഷ്ണപിള്ള, എം. എ.

ഇടപ്പള്ളി

PUBLISHERS:

THE MANGALODAYAM LTD,

TRICHUR

Digitized By Kerala Sahitya Akademi

First Impression,
in Meenom 1123.

1000 Copies.

All rights reserved by
Mrs. SREE DEVI CHANGAMPUZHA
"SREE DEVI MANDIRAM"
EDAPPALLY.
(N. Travancore)

Price:
Rupee One and
Annas Eight.

Printed at
The Mangalodayam Press
Trichur.

Digitized By Kerala Sahitya Akademi

സനീത്സു മുഷാക്കോജി

മാനസാന്തരം

(ഒരു ജപ്പാനീസ് നാടകം)

[മൂന്നങ്കത്തിലുള്ള ഒരു ശുഭപര്യവസായി]

Digitized By Kerala Sahitya Akademi

ചങ്ങമ്പുഴയുടെ കൃതികൾ

1. രമണൻ	1	8	0
2. സ്പന്ദിക്കുന്ന അസ്ഥിമാടം	2	0	0
3. അപരാധികൾ	1	0	0
4. ദേവഗീത	2	0	0
5. കളിത്തോഴി	2	8	0
6. ബാഷ്പാഞ്ജലി	1	8	0
7. രക്തപുഷ്പങ്ങൾ	1	4	0
8. സങ്കല്പകാന്തി	1	4	0
9. ഓണപ്പൂക്കൾ	1	0	0
10. സാഹിത്യചിന്തകൾ	1	0	0
11. ചൂഡാമണി	1	0	0
12. ശ്രീതിലകം	1	0	0
13. കലാകേളി	0	12	0
14. വത്സല	0	8	0
15. ആരാധകൻ	0	8	0
16. മോഹിനി	0	8	0
17. തിലോത്തമ	0	8	0
18. ദേവത	0	8	0
19. ഹേമന്തചന്ദ്രിക	1	8	0
20. ആകാശഗംഗ	1	0	0
21. ദിവ്യഗീതം	1	8	0
22. നിർവൃതി	0	8	0
23. പെല്ലീസും മെലിസാന്ദയും	1	8	0
24. ദേവയാനി	1	0	0
25. കരടി	0	8	0
26. വിവാഹാലോചന	0	8	0
27. അനശ്വരഗാനം	0	8	0
28. ഇടപ്പള്ളി രാഘവൻപിള്ളയുടെ മുഴുവൻകൃതികൾ	5	0	0
29. യവനിക	1	8	0

മംഗളോദയം ലിമിറ്റഡ്, തൃശ്ശൂർ.

Digitized By Kerala Sahitya Akademi

പാത്രങ്ങൾ

1. ഷൂസോ യമാദ:

തന്നിഷ്ടക്കാരനും, നല്ല മനസ്ഥൈര്യമുള്ള [illegible] ക്ഷേ, ദയാമയമായ ഹൃദയത്തോടുകൂടിയവന[illegible] ഒരു മനുഷ്യൻ—55 വയസ്സ് പ്രായം.

2. ഹിറോകോ:

അയാളുടെ ഭാര്യ—മാമൂൽപ്രിയയായ ഒരു സ്ത്രീ[illegible] പ്രായം 50 വയസ്സ്.

3. താരോ:

അവരുടെ മൂത്ത മകൻ—സമർത്ഥനും ഉദാരമനസ്കനുമായ ഒരു ചെറുപ്പക്കാരൻ—പ്രായം 28.

4. ജീരോ:

അവരുടെ ഇളയ മകൻ; സ്വഭാവം ഏറിയകൂറും അയാളുടെ സഹോദരൻേറതുപോലെതന്നെ; പക്ഷേ, സ്വാഭിപ്രായത്തെ കണക്കിലേറെ മുറുകെപ്പിടിക്കുന്ന ആളാണ് പ്രായം 22.

5. ടോഷിക്കോ:

അവരുടെ മകൾ—നല്ല രീതിയിൽ വളത്തപ്പെട്ടിട്ടുള്ള ശാലീനയായ ഒരു പെൺകിടാവ്—പ്രായം 17.

6. ഒബയാഷി:

ജിരോവിൻെറ സ്നേഹിതൻ—വയസ്സ് ഇരുപത്തിമൂന്നേ ആയുള്ളു എങ്കിലും ഒരു ധനാഢ്യകുടുംബത്തിലെ അധിനായകൻ.

7. ഫ്യൂജി ഷീജെക്കി:

പതിനെട്ടു വയസ്സുള്ള വിലാസിനിയായ ഒരു പെൺകുട്ടി. യമാദാകുടുംബത്തിലെ പരിചാരിക.

8. അതേ കുടുംബത്തിലെ മറെറാരു വേലക്കാരി:

സ്ഥലം—ടോക്കിയോ

കാലം—ഇന്നത്തെ കാലം.

Digitized By Kerala Sahitya Akademi

ഒന്നാമങ്കം

[യമാദാനിലയത്തിലെ നിവാസാത്മകമായ ഒരു മുറി. പാശ്ചാത്യരീതിയിൽ ആഡംബരപൂർവ്വം വിവിധോപകരണങ്ങളാൽ അലങ്കരിക്കപ്പെട്ടിട്ടുണ്ട്. ഹിറോക്കോവിനേയും ഷൂസോവിനേയും കാണാം]

ഹിറോക്കോ

വീണ്ടും വെളിയിലേയ്ക്കു പോകയാണോ, നിങ്ങൾ?

ഷൂസോ

അതെ; വീണ്ടും എനിയ്ക്കൊന്നു പുറത്തേയ്ക്കിറങ്ങേണ്ടതായിട്ടുണ്ട്. ങ്ഹാ—പിന്നേയ്, കുട്ടികൾ എവിടെ പോയിരിക്കയാ? ഇവിടെങ്ങും ഒരൊററാളെ കാണാനില്ല.

ഹിറോക്കോ

അവർ വിരുന്നിനു പോയിരിക്കയാണ്. മൂന്നുപേരും ഒന്നിച്ചാ പോയത്.

ഷൂസോ

ഓഹോ, ശരി. അവർ ഒരേ പ്രകൃതക്കാരായിരിക്കുന്നതു തന്നെ വളരെ ഭേദം.

ഹിറോക്കോ

അതെ, അല്ലേ? വളരെ നല്ലവരുമാണവർ. പക്ഷേ നിങ്ങൾ ഒന്നു മനസ്സിലാക്കണം. എനിക്ക് അവരുടെ മേലുള്ള പിടി നഷ്ടപ്പെട്ടുകയാണ്.

Digitized By Kerala Sahitya Akademi

ഷൂസോ

ശരി; പക്ഷേ അങ്ങനെയായിരിക്കാം. അവർ വളൎന്നു പോയി.

ഹിറോക്കോ

ആദ്യം നിങ്ങൾ എന്നോടുപേക്ഷ ഭാവിച്ചുതുടങ്ങി; പിന്നിട്ട കുട്ടികളും. ഇതെന്നെ വല്ലാതെ കുണ്ഠിതപ്പെടുത്തുന്നു.

ഷൂസോ

ഇനി അങ്ങനെ ഭാവിക്കുന്നതു കുട്ടികളുടെ കുട്ടികളായിരിക്കും.

ഹിറോക്കോ

എനിക്കങ്ങനെ തോന്നുന്നു. താരോവിന് ഒരു ഭാൎയ്യയെ നാം കണ്ടുപിടിക്കുന്നതു നന്നായിരിക്കും.

ഷൂസോ

ഞാൻ അതിനേക്കുറിച്ചു ചിന്തിക്കയായിരുന്നു. കവാനക്കായുടെ മകളില്ലേ, സുനെക്കോ, അവളെ ഞാൻ ആലോചിച്ചു.

ഹിറോക്കോ

സുനെക്കോവോ! അസാദ്ധ്യം! അവളെ അവനെന്തു വെറുപ്പാണെന്നോ! എപ്പോഴും അതുതന്നെയാ അവൻെറ സംസാരം!

ഷൂസോ

വകതിരിവില്ലാത്ത യെസ്ഡാനി! അച്ഛനമ്മമാരോടൊന്നിച്ചു താമസിക്കുക; എന്നിട്ടു തന്നിഷ്ടംപോലെ നടക്കാമെന്നു കരുതുക!

ഹിറോക്കോ

നിങ്ങളുടെ ചെറുപ്പകാലത്തു നിങ്ങളും അതുതന്നെയാ ചെയ്തേ.

ഷൂസോ

പക്ഷേ, ഞാനേയ്, എല്ലു നുറുങ്ങെ പണിയെടുത്തുകൊണ്ടിരുന്നു. അവൻെറ ഈ പ്രായത്തിൽ, അവനേക്കാളെത്ര

Digitized By Kerala Sahitya Akademi

യോ പ്രയോജനമുള്ള ഒരു നിലയിലാണ് സപ്രയത്നംകൊണ്ടു ഞാനെത്തിച്ചേൎന്നതു്!

ഹിറോക്കോ

താരോവിന്നു് ഇന്നതിന്റെ ആവശ്യമില്ല; ഉണ്ടായിരുന്നെങ്കിൽ അവനും പണിയെടുത്തേനേ.

ഷൂസോ

ആട്ടെ, നീ വിചാരിക്കുന്നോ അവനങ്ങനെ ചെയ്യുന്നു'?

ഹിറോക്കോ

തീച്ചയായും;—നിങ്ങളേക്കാൾ മിടുമിടുക്കനാ അവൻ.

ഷൂസോ

എനിക്കതിൽ സംശയമുണ്ടു്. പക്ഷേ, അവൻ തികച്ചും ഒരു വിഡ്ഢിയല്ല.

ഹിറോക്കോ

അയ്യോ, അങ്ങനെയൊന്നുമല്ല കാൎയ്യം; അതിൽനിന്നെല്ലാം വളരെ വളരെ വ്യത്യസ്തമാണ്. അവനെ ഭരിച്ചുകൊണ്ടു പോകാൻ എനിക്കു വയ്യ!

ഷൂസോ

അപ്പോൾ, നീയാണ് വിഡ്ഢി.

ഹിറോക്കോ

അതെ, നിങ്ങളെപ്പോലെതന്നെ; പക്ഷേ എനിക്കു നിങ്ങളെ ഭരിക്കാൻ സാധിക്കും.

ഷൂസോ

അതെന്തുകൊണ്ടാ? എനിക്കു നിന്നോടുള്ള സ്നേഹം!

ഹിറോക്കോ

എങ്ങനെയായാലും, സുനെക്കോവിന്റെ ആലോചനയുണ്ടല്ലോ, അതങ്ങു നീക്കിവെച്ചേയ്ക്കു. അതു ചിന്താവിഷയമേ അല്ല.

Digitized By Kerala Sahitya Akademi

ഷൂസോ

പക്ഷേ അങ്ങനെയായിരിക്കാം. ഒരു ചെറുപ്പക്കാരനെ വശീകരിക്കാൻ പോന്ന സൌന്ദര്യമൊന്നും, പക്ഷേ, അവൾക്കില്ലായിരിക്കും. ആട്ടെ, വേറെ ആരെങ്കിലും നിന്റെ മനസ്സിലുണ്ടോ?

ഹിറോക്കോ

ഉണ്ട്, എന്റെ മനസ്സിലുണ്ട്.

ഷൂസോ

ആരാണത്?

ഹിറോക്കോ

ഇഷിയാമായുടെ മകൾ താക്കിക്കോവിനെ ഞാൻ ആലോചിക്കയായിരുന്നു.

ഷൂസോ

ഓ, കൊള്ളാം; തരക്കേടില്ല. തീർച്ചയായും അവളുടെ കാര്യത്തിൽ താരോവിനു യാതൊരു വിസമ്മതവും ഉണ്ടാവില്ല.

ഹിറോക്കോ

നിങ്ങൾക്കുണ്ടോ?

ഷൂസോ

ഇല്ല; അവളുടെ കാര്യത്തിൽ എനിക്ക് ഒരു സമ്മതക്കേടുമില്ല. പക്ഷേ അവൻ മറ്റേ പെണ്ണിനെ കല്യാണം കഴിക്കുന്ന പക്ഷം അതായിരിക്കും നമുക്കധികം നന്ന്!

ഹിറോക്കോ

ങ്ആ!

ഷൂസോ

എങ്ങനെയുമാകട്ടെ; സംഗതികളുടെ നിലപാട് ആ ഒരു വഴിക്കാണെങ്കിൽ താക്കിക്കോവിനെത്തന്നെ നമുക്കുറപ്പിക്കാം.

Digitized By Kerala Sahitya Akademi

ഫിറോക്കോ

എന്നാൽ താരോ വീട്ടിൽ വന്നാലുടൻതന്നെ ഞാൻ അവനോടു പറയാം.

ഷ്യസോ

ശരി, അങ്ങനെ ചെയ്യു. ഞാൻ അവനെ സന്തോഷിപ്പിക്കേണ്ടതായിട്ടുണ്ട്.

[പരിചാരികയായ ഫ്യൂജി പ്രവേശിക്കുന്നു]

ഫ്യൂജി

കാറവിടെ കാത്തുകിടക്കുന്നു, അങ്ങുന്നേ!

ഷ്യസോ

ഉംഉംംംം! കൊള്ളാം!

[ഫ്യൂജി പോകുന്നു.]

ഫിറോക്കോ

നിങ്ങൾ എപ്പോഴാ ഇനി തിരിച്ചുവരവ്?

ഷ്യസോ

ഏതാണ്ടൊരു മണിയാകും.

ഫിറോക്കോ

എന്നും രാത്രി ഏറെനേരം അങ്ങു വെളിയിലാണ്.

ഷ്യസോ

അതെ; എന്നും നിന്നോടു ക്ഷമായാചനം ചെയ്യേണ്ട ഒരു നിലയിലാണ് ഞാൻ. പക്ഷേ നീ ഒന്നു മനസ്സിലാക്കണം. അതെല്ലാം കുടുംബത്തിന്റെ നന്മയ്ക്കുവേണ്ടിയിട്ടാണ്.

ഫിറോക്കോ

കൊള്ളാം. നിങ്ങൾ അങ്ങനെ പറയുകയാണെങ്കിൽ, അതങ്ങനെ ആയിരിക്കണമെന്നുതന്നെ ഞാൻ കരുതുന്നു.

Digitized By Kerala Sahitya Akademi

[അവർ ഒരുമിച്ചു മറിവിട്ടിറങ്ങുന്നു. ഒരുനിമിഷം ക
കഴിഞ്ഞു് ഫിറോക്കോ തിരിച്ചു വരുന്നു. ധൃത
ഗതിയിൽ അവൾ അവിടെയുള്ള സാധന
സാമഗ്രികളെല്ലാം വെടുപ്പാക്കി വെയ്ക്കുന്നു.
താമസിയാതെ വെളിയിൽ ചില കാലൊച്ച
കൾ; അനന്തരം വാതിലിന്മേൽ ഒരു മുട്ട്.]

ഫിറോക്കോ

അകത്തേയ്ക്കു വരാം!

[താരോ, ജിരോ, ടോഷിക്കോ ഇവർ പ്രവേശിക്കു
ന്നു. മൂന്നുപേരും ഉടനടി പറയുകയാണ്:
"ഇതാ ഞങ്ങൾ!" അവർ അവരുടെ മാതാ
വിനെ അഭിവാദ്യം ചെയ്യുന്നു.]

ഫിറോക്കോ

എങ്ങനെയിരുന്നു? സമയം നിങ്ങൾ ഉല്ലാസമായിത്ത
ന്നെ കഴിച്ചുകൂട്ടിയോ?

ടോഷിക്കോ

ഉവ്വമ്മേ!

[അവർ എല്ലാവരും മറിവിട്ടിറങ്ങുന്നു.]

ഫിറോക്കോ

താരോ, ഒരുമിനിട്ട്. എനിക്കല്പം നിന്നോടു സംസാരി
ക്കാനുണ്ട്.

താരോ

അങ്ങനെതന്നെ. എനിക്ക് അമ്മയോടും അല്പം സംസാ
രിക്കാനുണ്ട്.

[ടോഷിക്കോവും ജിരോവും പോകുന്നു.]

Digitized By Kerala Sahitya Akademi

ഫിറോക്കോ

നിനക്കെന്താണ് പറയാനുള്ളത്?

താരോ

അമ്മയ്ക്കു പറയാനുള്ളതെന്താണ്?

ഫിറോക്കോ

നീ ആദ്യം പറയൂ!

താരോ

ഇല്ല, അമ്മയാകട്ടെ ആദ്യം.

ഫിറോക്കോ

ഒരുപക്ഷേ നമുക്കിരുവർക്കും പറയാനുള്ളത് ഒരേ സംഗതിതന്നെ ആയിരിക്കാം.

താരോ

അമ്മയ്ക്കങ്ങനെ തോന്നുന്നോ? ഓ, അങ്ങനെയാണെങ്കിൽ എനിക്കു വലിയ സന്തോഷമാവും.

ഫിറോക്കോ

എനിക്കു തോന്നുന്നത് നമുക്കു രണ്ടുപേർക്കും പറയാനുള്ളത് ഒന്നുതന്നെയാണെന്നാണ്.

താരോ

എനിക്കതിൽ സംശയമുണ്ട്.

ഫിറോക്കോ

ശരി, എന്നാൽപ്പിന്നെ, നിനക്കു പറയാനുള്ളതെന്താണ്?

താരോ

അമ്മയ്ക്ക് എന്താണ് പറയാനുള്ളത്?

ഫിറോക്കോ

എനിക്കു പറയാനുള്ള സംഗതിയുടെ ആദ്യത്തെ അക്ഷരം ഞാൻ പറയാം—'ക' മനസ്സിലായോ? നിനക്ക് അതിനുള്ള പ്രായമായി. അതിനാൽ........

Digitized By Kerala Sahitya Akademi

താരോ

എന്റെ സംഗതി വേറൊന്നാണ്. 'സ' എന്ന അക്ഷരത്തിലാണ് അതിന്റെ ആരംഭം.

ഫിറോസ്കാ

എന്തു കാര്യമാണത്, 'സ' എന്ന അക്ഷരത്തിൽ തുടങ്ങുന്നത്?

താരോ

അമ്മ ഉദ്ദേശിക്കുന്നത് എന്റെ കല്യാണമാണ്;—അല്ല അമ്മേ?

ഫിറോസ്കോ

അതെ; നീ ഉദ്ദേശിച്ചതു ശരിയാണ്. നിന്റേതോ? അതും അതുതന്നെ ഉദ്ദേശിച്ചാണോ?

താരോ

വളരെ വ്യത്യസ്തമായ വേറൊരു സംഗതിയാണത്!

ഫിറോസ്കോ

കൊള്ളാം; ഏതായാലും നിന്റെ കല്യാണത്തെക്കുറിച്ച് എനിക്കു പറയുവാനുള്ളതു നീ കേൾക്കണം. നീ ആ പ്രായത്തിൽ എത്തിച്ചേർന്നിരിക്കുന്നു.

താരോ

അമ്മയ്ക്കു പറയുവാനുള്ളതു തീർച്ചയായും ഞാൻ കേൾക്കാം. പക്ഷേ ഞാൻ വിവാഹം കഴിക്കുന്നതിനു മുമ്പ് വിദേശങ്ങളിൽ എനിക്കൊരു സഞ്ചാരം നടത്തേണ്ടിയിരിക്കുന്നു.

ഫിറോസ്കോ

വിദേശങ്ങളിലോ?

താരോ

അതെ; ഉദ്ദേശം മൂന്നുകൊല്ലം.

Digitized By Kerala Sahitya Akademi

ഫിറോക്കോ

മൂന്നു കൊല്ലമോ!

താരോ

മൂന്നേ മൂന്നുകൊല്ലം മാത്രം.

ഫിറോക്കോ

മൂന്നേ മൂന്നു കൊല്ലം മാത്രമോ?—ഭേഷായി. മൂന്നു കൊല്ലം കഴിയുമ്പോൾ നിനക്കു മുപ്പത്തിയൊന്നാകും വയസ്സ്; താക്കിക്കോവിന് ഇരുപത്തിനാലും.

താക്കിക്കോവോ? ഞാൻ താക്കിക്കോവിനെ വിവാഹം കഴിക്കണമെന്നാവശ്യപ്പെടാനാണോ അമ്മ ഉദ്ദേശിക്കുന്നതു്? അവർക്കു് ഒരു ഇരുപത്തിനാലോ, മുപ്പതോ, അമ്പതോ ആയിക്കൊള്ളട്ടെ. ഞാനതു ഗൌനിക്കുന്നില്ല.

ഫിറോക്കോ

അപ്പോൾ താക്കിക്കോവിനെ നിനക്കു കല്യാണം കഴിക്കേണ്ട, അല്ലേ?

താരോ

തീർച്ചയായും വേണ്ട.

ഫിറോക്കോ

പക്ഷേ, എന്തുകൊണ്ടു വേണ്ട?

താരോ

'എന്തുകൊണ്ടു്?'—എന്നൊരു ചോദ്യത്തിനേ ഇവിടെ സ്ഥാനമില്ല. ഞാൻ ഇഷ്ടപ്പെടുന്നില്ലവളെ. അത്രമാത്രം.

ഫിറോക്കോ

ആട്ടെ; എന്നാൽ സുനേക്കോവിനെക്കുറിച്ചു നീ എന്തു പറയുന്നു?

താരോ

ആരാണവൾ?

Digitized By Kerala Sahitya Akademi

ഫിറോക്കോ

കവാനക്കായുടെ മകളേയ്!

താരോ

എന്തിന്? അവളുടെ ഇനത്തിൽപ്പെട്ട ഒരു സ്ത്രീയെ ആയിരിക്കില്ല ഞാൻ വിവാഹം കഴിക്കുക.

ഫിറോക്കോ

പക്ഷേ, നിന്റെ അച്ഛൻ ആവശ്യപ്പെടുന്നു, അവളെ വിവാഹം ചെയ്യാൻ.

താരോ

എന്തൊരു ഭോഷത്വമാണെന്നു നോക്കൂ!

ഫിറോക്കോ

നീ നിന്റെ അച്ഛനെ ഭോഷനെന്നു വിളിക്കുന്നോ?

താരോ

അദ്ദേഹത്തിന്റെ ഉദ്ദേശം അതാണെങ്കിൽ, തീർച്ചയായും ഒരു ഭോഷനാണദ്ദേഹം. പക്ഷേ എനിക്കറിയേണ്ടതായ സംഗതി ഇതാണ്. എനിക്കു വിദേശങ്ങളിലേയ്ക്കു പോകാമോ?

ഫിറോക്കോ

വരട്ടെ, നമുക്കു കാണാം—എന്തിനാണ് നീ പോകാനുദ്ദേശിക്കുന്നത്?

താരോ

ഇന്നുരാത്രി ഉല്ലാസവിരുന്നിൽ പങ്കെടുത്തുകൊണ്ടിരിക്കുമ്പോൾ എന്റെ മനസ്സിൽ ആ ചിന്ത മുളച്ചു—എനിക്കു വിദേശങ്ങളിൽ പോയി ചുററിസ്സഞ്ചരിക്കണമെന്ന്! ക്രൈസലിക്, പാദ്റ്വ്സ്കി മുതലായവരുടെ സംഗീതം എനിക്കു കേൾക്കണം.

ഫിറോക്കോ

നിനക്കതുകൊണ്ടെന്തു ഗുണമാ കിട്ടാൻ പോണെ?

Digitized By Kerala Sahitya Akademi

40435

താരോ

അച്ഛനു് അദ്ദേഹത്തിൻെറ ക്ലബ്ബിൽനിന്നു കിട്ടുന്ന അതേ ഗുണംതന്നെ.

ഹിരോക്കോ

നിൻെറ അച്ഛനു പക്ഷെ അദ്ദേഹത്തിൻെറ വ്യാപാരം സംബന്ധിച്ച ജനങ്ങളുടെ ഇടയ്ക്കു ചുറ്റേണ്ടതായിട്ടുണ്ടു്.

താരോ

ഉണ്ടു്; പണമുണ്ടാക്കാൻ അമിതാറ്റ കാരണം മാത്രമേയുള്ളോ?

ഹിരോക്കോ

നിശ്ചയമായും!

താരോ

ആയിരിക്കാം. എന്നാൽപ്പിന്നെ, നാടകശാലകളിൽ പോകുന്നതുകൊണ്ടു് അമ്മയ്ക്കുണ്ടാകുന്ന അതേ ഗുണംതന്നെ എനിക്കും ഉണ്ടാകുന്നു.

ഹിരോക്കോ

അതാണു് നിൻെറ യുക്തിയെങ്കിൽ, നീ പോകുന്ന കാര്യത്തിൽ ഞങ്ങൾ സമ്മതിക്കില്ല.

താരോ

എന്തുകൊണ്ടു്?

ഹിരോക്കോ

എന്തുകൊണ്ടെന്നാൽ ആവക കാര്യങ്ങൾക്കു ചിലവഴിക്കാൻ എനിക്കു സമയമുണ്ടു്. നിനക്കതില്ല. നിൻെറ ജീവിതം ആരംഭിക്കേണ്ട കത്തവ്യമാണു് നിനക്കുള്ളതു്.

താരോ

പക്ഷെ, അച്ഛൻ പണം സമ്പാദിക്കുന്നതു് അതിനല്ലേ? —ഞങ്ങൾക്കു സുഖമായി കഴിഞ്ഞുകൂടാൻ?

Digitized By Kerala Sahitya Akademi

ഹിറോക്കോ

അല്ല, ഒരിക്കലുമല്ല!

താരോ

പിന്നെന്തിനാണദ്ദേഹം സമ്പാദിക്കുന്നത്?

ഹിറോക്കോ

എനിക്കറിഞ്ഞുകൂടാ.

താരോ

അമ്മയ്ക്കറിഞ്ഞുകൂടേ? ഞാൻ പറഞ്ഞുതരാല്ലോ! ഇക്കാലത്ത് ഒരു മനുഷ്യൻ വളരെ പണം ഉണ്ടാക്കുന്നത് അയാളുടെ കുട്ടികൾ സ്വതന്ത്രരായും സന്തുഷ്ടരായും ജീവിക്കുവാനാണ്— ജീവിതം ആഹ്ലാദപൂർണ്ണമായി കഴിച്ചുകൂട്ടുവാനാണ്. എന്താ, അങ്ങനെയല്ലേ അമ്മേ, അമ്മയ്ക്കങ്ങനെ തോന്നുന്നില്ലേ?

ഹിറോക്കോ

എനിക്കറിഞ്ഞുകൂടാ.

താരോ

ഒരുപക്ഷേ, അച്ഛനും അറിഞ്ഞുകൂടായിരിക്കും. നേരമെറിച്ചാണെങ്കിൽ പണം സമ്പാദിച്ചുവെയ്ക്കുന്നതിൽ ഒരർത്ഥവുമില്ല. തലമുറ തലമുറയായി കൈമാറിക്കൊണ്ടുപോകുവാൻമാത്രം കുടുംബസ്വത്തുക്കൾ കുന്നുകൂട്ടുന്നതിൽ എനിക്കു വിശ്വാസമില്ല. അച്ഛന്റെ ധനം ഏതെങ്കിലും നല്ല കാര്യത്തിനുവേണ്ടി ഇറക്കണമെന്നാണ് എന്റെ ഉദ്ദേശം. ഉടമസ്ഥനാകുന്നതിന് ഒരു ഭാരമായിത്തീരുന്ന പണം, പണമൊന്നുമില്ലാതിരിക്കുന്നതിനേക്കാൾ കഷ്ടമാണ്.

ഹിറോക്കോ

എനിക്കു മനസ്സിലാകുന്നില്ല, എന്തൊക്കെയാണ് നീയി സംസാരിക്കുന്നതെന്ന്. പക്ഷേ ഞാൻ നിന്റെ അച്ഛനുമായി ഈ സംഗതി സംസാരിച്ചിട്ട് എന്താണദ്ദേഹം പറയുന്നതെ

Digitized By Kerala Sahitya Akademi

ന്നു നിന്നെ അറിയിക്കാം. നീ പോകുന്നതിന്നുമുമ്പുതന്നെ ഏതായാലും നിന്റെ വിവാഹകാര്യം ആലോചിച്ചുറപ്പിക്കണം.

താരോ

തിരിച്ചുവന്നിട്ടു ഞാൻ വിവാഹം ചെയ്തുകൊള്ളാം. മുപ്പതുവയസ്സാകുന്നതിന്നുമുമ്പു വിവാഹം കഴിക്കാൻ എന്നെക്കൊണ്ടാക്കില്ല.

ഹിറോക്കോ

എന്തുകൊണ്ടില്ല?

താരോ

അതു നിയമത്തിന്നു വിരുദ്ധമാണ്.

ഹിറോക്കോ

അതു ബഹുവിചിത്രംതന്നെ. ഇരുപത്തിരണ്ടിലും ഇരുപത്തിമൂന്നിലും എത്രയോ പേർ വിവാഹം കഴിക്കുന്നു!

താരോ

ഓ, ആ ആളുകൾ യഥാർത്ഥമായി വിവാഹം കഴിച്ചവരല്ല. ഒന്നു സമ്മതിക്കാം. നിയമപരമായ ഒരു മാനദണ്ഡത്തിന്മേൽ അവർ വിവാഹിതർതന്നെ; പക്ഷേ സകലതും തീരുമാനിച്ചുറപ്പിക്കുന്നത് അവരുടെ മാതാപിതാക്കന്മാരാണ്; അത് ഒരു യഥാർത്ഥവിവാഹമാകുന്നില്ല. മുപ്പതുവയസ്സിനു കീഴിൽ ഒരിക്കലും യഥാർത്ഥമായ വിവാഹം ഉണ്ടാകുന്നതല്ല. *

ഹിറോക്കോ

നീ പറയുന്നതു മനസ്സിലാക്കാൻ എനിക്കു സാധിക്കുന്നില്ല.

* ജപ്പാനിൽ ഒരാൾക്കു മാതാപിതാക്കന്മാരുടെ സമ്മതം കൂടാതെ മുപ്പതുവയസ്സു തികയുന്നതിന്നുമുമ്പു വിവാഹം കഴിക്കാവുന്നതല്ല. അച്ഛനമ്മമാർ തടസ്ഥംപറയുന്ന ഒരു സ്ത്രീയെ അയാൾക്കു വിവാഹം കഴിക്കണമെങ്കിൽ, അതിനാൽ, ആ പ്രായമാകുന്നതുവരെ അയാൾ കാത്തിരിക്കേണ്ടതായിട്ടുണ്ട്.

Digitized By Kerala Sahitya Akademi

താരോ

ഞാൻ പറയുന്നതു മനസ്സിലാക്കാൻ അമ്മയ്ക്കു കഴിയാതിരിക്കുന്നതാണ് കൂടുതൽ നന്ന്. ഏതായാലും ഞാൻ വിദേശത്തു ചെന്നെത്തുന്നതുവരെ എന്റെ വിവാഹത്തിനു ക്ഷമിച്ചിരിക്കാൻ കഴിയും.

ഹിറോക്കോ

വിദേശത്തുനിന്നു വല്ല പെണ്ണിനേയും നീ കെട്ടിക്കൊണ്ടു വരികയാണെങ്കിൽ എനിക്കതു സഹിക്കുക സാദ്ധ്യമല്ല.

താരോ

വിദേശക്കാരിയായ ഒരു പെണ്ണിനേയും ഞാൻ വിവാഹം കഴിക്കില്ല. അമ്മയ്ക്കതു സഹിക്കാൻ സാദ്ധ്യമല്ലെന്നുള്ളതുകൊണ്ടല്ല, ഇതുപോലെ ഒരു കുടുംബത്തിലേയ്ക്കു നാടുകടത്തപ്പെട്ടാൽ അതവൾക്കു സഹിക്കാൻ സാധിക്കില്ല; അതുകൊണ്ടാണ്.

ഹിറോക്കോ

നീ പറയുന്നതൊന്നുംതന്നെ ലവലേശം എനിക്കു മനസ്സിലാകുന്നില്ല.

താരോ

ഉവ്വമ്മേ. ഞാൻ പറയുന്നതു ശരിക്കും അമ്മയ്ക്കു മനസ്സിലാകുന്നുണ്ട്. അമ്മയ്ക്കു മനസ്സിലാകാത്തതു നിയമവും മനുഷ്യസ്വഭാവവുമാണ്.

ഹിറോക്കോ

നിനക്കെന്തു പററി കുഞ്ഞേ? ബഹുവിചിത്രമായ എന്തെല്ലാമാണ് നീയിപ്പറയുന്നത്.

താരോ

എനിക്കു യാതൊന്നും പററിയിട്ടില്ല. ഞാൻ വിദേശങ്ങളിലേയ്ക്കു പോട്ടെ; എനിക്കവിടെ കൂടുതൽ കാണുവാനും കൂടുതൽ പഠിക്കുവാനും സാധിക്കും!

Digitized By Kerala Sahitya Akademi

ഹിറോക്കോ

നിനക്കു നല്ല ഉറപ്പുണ്ടോ അതു മൂന്നുകൊല്ലത്തേയ്ക്കു ഉണ്ടാവുള്ളൂ എന്ന്?

താരോ

ഉണ്ട്; എനിക്കു മുപ്പതാകുമ്പോൾ ഞാൻ മടങ്ങിയെത്താം.

ഹിറോക്കോ

ശരി, നിൻെറ അച്ഛൻ എന്താണ് പറയുന്നതെന്നു നോക്കട്ടെ.

[വാതിലിന്മേൽ ഒരു മുട്ട്]

[ഫ്യൂജി പ്രവേശിച്ച ഹിറോക്കോവിൻെറ കയ്യിൽ ഒരു കാർഡു കൊടുക്കുന്നു]

ആരോ കൊച്ചമ്മയെ കാണാനാണ് കൊച്ചമ്മേ!

ഹിറോക്കോ

വളരെ നല്ലതു്!

[ഹിറോക്കോ പോകുന്നു. താരോവിൻെറ നേരേനോക്കി ഫ്യൂജി പുഞ്ചിരി തൂകുന്നു]

താരോ

ഫ്യൂജി!

ഫ്യൂജി

എന്താണ്?

താരോ

അടുത്തുതന്നെ ഞാൻ വിദേശങ്ങളിലേയ്ക്കു പോകുന്നു.

ഫ്യൂജി

വാസ്തവം?........

താരോ

അത്ഭുതപ്പെടാതിരിക്കു! മൂന്നുകൊല്ലത്തിനുള്ളിൽ ഞാൻ മടങ്ങിയെത്തും, മഹാനായ ഒരു മനുഷ്യനായി!

Digitized By Kerala Sahitya Akademi

ഫ്യൂജി

അപ്പോൾ മൂന്നുകൊല്ലക്കാലം അങ്ങു വിദേശങ്ങളിലായിരിക്കും!

താരോ

ഞാൻ ഇവിടെ താമസിക്കുകയാണെങ്കിൽ നിനക്കു മരിക്കേണ്ടിവരും.

(അവളെ ആശ്ലേഷിച്ചുകൊണ്ട്)

എന്തുകൊണ്ടെന്നാൽ, അത്തരത്തിൽ ഒരു തങ്കക്കുടമാണ് നീ!!........ *

---

* [ഇവിടെ താരോ അർത്ഥമാക്കുന്നതിതാണ്., അവളുടെ സമീപം താമസിക്കുകയാണെങ്കിൽ, അവളോടുള്ള അയാളുടെ വാത്സല്യം അത്രയ്ക്കു ഗാഢമായതിനാൽ, അയാൾക്കു നിഷ്പ്രയാസം അവളുമായി ആശാതീതമായ ഒരു പ്രണയബന്ധത്തിൽ ഉൾപ്പെടേണ്ടിവരും. എങ്കിൽ, അങ്ങനെയുള്ള ധർമ്മസങ്കടത്തിൽ ഒരു പോംവഴിയായ 'ഷിൻജു'(ഇരുവരും ഒന്നിച്ചാത്മഹത്യ ചെയ്യുക)വിലേ അതു കലാശിക്കൂ. മഹത്തായ ഉദ്ദേശങ്ങളോടുകൂടിയ ആത്മഹത്യ പരലോകത്തിൽ പരമാനന്ദദായകമാണെന്നുള്ള ബുദ്ധമതക്കാരുടെ വിശ്വാസത്തിൽനിന്നാണ് 'ഷിൻജു'സമ്പ്രദായത്തിന്റെ ഉത്ഭവം.]

Digitized By Kerala Sahitya Akademi

രണ്ടാമങ്കം

[പാശ്ചാത്യരീതിയിൽ വിധാനംചെയ്തിട്ടുള്ള ജീരോവിൻെറമുറി. ജീരോ ഡസ്കിനരികെ എഴുതിക്കൊണ്ടിരിക്കുകയാണ്. അതുവരെ എഴുതിയിടത്തോളം ഉച്ചത്തിൽ വായിക്കുവാനായി അയാൾ എഴുത്തു നിൎത്തുന്നു]

ജീരോ

"പ്രിയപ്പെട്ട ചേട്ടാ, ചേട്ടൻെറ കത്തുകൾക്കു നന്ദി. എനിക്കും വിദേശങ്ങളിലേയ്ക്കു പോയാൽ കൊള്ളാമെന്നാശയുണ്ട്; പക്ഷേ അച്ഛൻ സമ്മതിക്കില്ല—വിശേഷിച്ചും, ചേട്ടൻ മടങ്ങിയെത്തുന്നതുവരെ! ഈയിടെ പറയത്തക്കതായി എനിക്കൊന്നുംതന്നെ ചെയ്യാൻ സാധിച്ചിട്ടില്ല. ഓരോരോ വഴിക്കങ്ങനെ കുതിച്ചുപായുകയാണെൻെറ ഹൃദയം. എഴുതുവാൻ ഇന്നു വിശേഷിച്ചൊന്നുംതന്നെ ഇല്ല. എല്ലാവൎക്കും സുഖംതന്നെ. (അയാളുടെ സ്വരം അല്പമൊന്ന് ഇടറുന്നു) പതിവുപോലെ ഫ്യൂജിയുടെ കത്തു ഞാൻ ഇതോടൊന്നിച്ചടക്കംചെയ്യുന്നു.

ചേട്ടന് എല്ലാം അതിൽ കാണാം. അവൾ സദാ ചേട്ടൻെറ കത്തുകളും കാത്തിരിപ്പാണ്. അവളുടെ കൈയിലേയ്ക്കു ഞാൻ കത്തു കൊടുക്കുന്ന ഓരോ പ്രാവശ്യവും, അവളുടെ മുഖം പ്രസാദദീപ്തമായി വികസിക്കുന്നു...."

[അയാൾ തൻെറ കത്തു മടക്കി, കാഫേ മുദ്ര വെച്ചിട്ടുള്ള മറെറാന്നിൻെറകൂടെ, ഒരു ലക്കോട്ടിലിട്ട്, അതു മുദ്രവെയ്ക്കുന്നു. വാതിൽക്കൽ ഒരു മുട്ട്]

ആരവിടെ?

Digitized By Kerala Sahitya Akademi

ഫ്യൂജി (വെളിയിൽ)

ഇതാ അങ്ങേയ്ക്കൊരെഴുത്തു്.

ജീരോ

അകത്തു വരു!

[ഫ്യൂജി പ്രവേശിച്ചു് അയാൾക്കു് ഒരു കത്തു കൊടുക്കുന്നു]

ജീരോ

ഇതു ചേട്ടന്റെ അടുത്തുനിന്നാണോ?

ഫ്യൂജി

അതെ.

[ജീരോ കത്തു പൊളിച്ചു് അതിൽനിന്നും മുദ്രവെച്ചിട്ടുള്ള ചെറിയ ഒന്നു പുറത്തെടുക്കുന്നു. അയാൾ ആ കത്തു ഫ്യൂജിക്കു കൊടുക്കുകയും, അവൾ വിനയപൂർവ്വം നമിക്കുകയും ചെയ്യുന്നു.]

ഫ്യൂജി

കുറച്ചുമുൻപു ഞാൻ അങ്ങയുടെ കൈയിൽ തന്ന ആ കത്തു് അങ്ങു് അയച്ചോ?

ജീരോ

ഇല്ല. അതിപ്പോഴും ഇതാ ഇവിടെയുണ്ടു് (മേക്കോട്ടെടുത്തു് അവളെ കാണിക്കുന്നു)

ഫ്യൂജി

എനിക്കതിൽ അല്പംകൂടി കൂട്ടിച്ചേർക്കാനുണ്ടു്.

ജീരോ

ഇന്നു രാത്രി ഞാനീ കത്തിനു മറുപടി എഴുതും; അതോടൊന്നിച്ചു നിനക്കൊരു കുറിപ്പയയ്ക്കാം.

Digitized By Kerala Sahitya Akademi

ഫ്ളൂജി

പക്ഷേ എന്റെ മറേറ എഴുത്തിൽ അദ്ദേഹത്തെക്കുറിച്ചൊന്നും അറിയാഞ്ഞിട്ട് എനിക്കു വലിയ മനോവ്യഥയുണ്ടെന്നു ഞാൻ എഴുതിപ്പോയി. എനിക്കതൊന്നു മാറേറണ്ടിയിരിക്കുന്നു.

ജീരോ

അദ്ദേഹത്തെക്കുറിച്ചൊന്നും അറിയാഞ്ഞിട്ടോ? എത്ര നാളായി?

ഫ്ളൂജി

ഏതാണ്ടൊരാഴ്ചയായിക്കാണും.

ജീരോ

ശരി. നീ ഏതായാലും എഴുതിയിട്ടുള്ളതിനി മാററാതിരിക്കുന്നതാണ് നന്ന്. നിന്റെ ഹൃദയത്തെ അതെത്രമാത്രം സ്പർശിച്ചുവെന്ന് അതദ്ദേഹത്തെ ശരിക്കു മനസ്സിലാക്കും. എങ്ങനെയുമാകട്ടെ, നാളെ നിനക്കു വീണ്ടും അദ്ദേഹത്തിനെഴുതാമല്ലോ.

ഫ്ളൂജി

അങ്ങനെയാകട്ടെ, അങ്ങുന്നേ. അങ്ങ് അങ്ങനെ പറയുകയാണെങ്കിൽ നാളെ!

ജീരോ

ഇന്നു രാത്രി നിനക്കെഴുതാം....

ഫ്ളൂജി

അതെ, അങ്ങുന്നേ!

[ഫ്ളൂജി പോകുന്നു. അവൾ നടന്നു മറയുന്നതു ജീരോ സൂക്ഷിച്ചുനോക്കിക്കൊണ്ടിരിക്കുന്നു. അനന്തരം ഒരു നെടുവീർപ്പോടുകൂടി ഇപ്പോൾ തനിക്കു കിട്ടിയ കത്തിൽ കണ്ണോടിക്കുന്നു. വാതിലിന്മേൽ വേറൊരു മുട്ട്]

Digitized By Kerala Sahitya Akademi

ജീരോ

ആരാണതു്?

ഫിറോക്കോ (വെളിയിൽ)

നിൻെറ അമ്മയാണ്, മോനേ.

ജീരോ

വരു അമ്മേ, അകത്തേയ്ക്കു വരു!

[ഫിറോക്കോ പ്രവേശിച്ചു ജീരോവിനോടു തൊട്ട്
ഒരു കസേരയിൽ ഇരിപ്പുറപ്പിക്കുന്നു]

ജീരോ

എനിക്കു ചേട്ടൻെറ ഒരു കത്തു വന്നിട്ടുണ്ടു്.

ഫിറോക്കോ

ഉവ്വോ? അവൻ എന്തു പറയുന്നു?

ജീരോ

ചേട്ടനു സുഖംതന്നെ. ഒരു കലാപ്രദർശനം കാണുവാനായി പോവുകയുണ്ടായെന്നു സൂചിപ്പിച്ചിട്ടുണ്ടു്. ഇവിടെ ഓരോരുത്തരെക്കുറിച്ചും പ്രത്യേകം പ്രത്യേകം ചോദിക്കയും എല്ലാവർക്കും നന്മ നേരുകയും ചെയ്തിരിക്കുന്നു.

ഫിറോക്കോ

നിനക്ക് അവനിങ്ങനെ കൂടെക്കൂടെ കത്തയച്ചുകൊണ്ടിരിക്കുന്നതിൽ എനിക്കു വലിയ സന്തോഷമുണ്ട്. വളരെ അകലെ ഒരു വിദേശത്തിൽ താമസിക്കുമ്പോൾ സ്വന്തം വീടിനെക്കുറിച്ച് അവൻ ഒട്ടേറെ ചിന്തിക്കുന്നു.

ജീരോ

അതെ, എന്താണ്ടങ്ങനെതന്നെ.

ഫിറോക്കോ

ജീരോ, എനിക്കു നിന്നോട്ട് അല്പം ചിലതു സംസാരിക്കാനുണ്ടു്.

Digitized By Kerala Sahitya Akademi

ജിരോ

ങ് ഉവം!

ഫിറോക്കോ

നിൻെറ അച്ഛനുമായി ഇന്നലെ അതിനെക്കുറിച്ചു ഞാ നാലോചന നടത്തി.

ജിരോ

എന്തു്?

ഫിറോക്കോ

രാത്രി നേരം വളരെ വൈകിയിട്ടു ഫ്യൂജി നിൻെറ മുറിയിൽ വരാറുണ്ടെന്നും അവളുമായി ഓരോന്നു സംസാരിച്ചുകൊണ്ടു വളരെ സമയം നീ ചിലവഴിക്കാറുണ്ടെന്നും ഞാൻ മനസ്സിലാക്കുന്നു. വേലക്കാർ ഓരോന്നങ്ങനെ തമ്മിൽത്തമ്മിൽ കുശുകുശുക്കുകയാണ്. നീ സൂക്ഷിക്കണം; അതിനു വേണ്ട കരുതലെടുക്കേണ്ടതു് എൻെറ ആവശ്യമാണ്. ഒരുതരത്തിലുള്ള അപവാദങ്ങളും ഉണ്ടായിക്കൂടാ!

ജിരോ

അങ്ങനെ വല്ല അപവാദങ്ങളും ഉണ്ടായിട്ടുണ്ടോ?

ഫിറോക്കോ

തീർച്ചയായും; നിൻെറ പേരിൽ തെററുണ്ടെന്നു ഞാൻ വിശ്വസിക്കുന്നില്ല. പക്ഷേ എനിക്കു നിശ്ചയമുണ്ട്; ഈ അപവാദങ്ങൾക്കെല്ലാം എന്തെങ്കിലും ഒരടിസ്ഥാനം കാണും. ഇതിനേക്കുറിച്ചു നിന്നോടു സംസാരിക്കേണ്ടിയിരിക്കുന്നതിൽ എനിക്കു വെറുപ്പു തോന്നുന്നു; പക്ഷേ എന്തെങ്കിലും സംഭവിക്കുകയാണെങ്കിൽ പിന്നെ ഒരു പോംവഴിയുമില്ലാതായിത്തീരും.

ജിരോ

ഓ, അതാണ് അമ്മ അർത്ഥമാക്കുന്നതെങ്കിൽ, എന്തിന്, എല്ലാം ശരിയായനിലയിൽത്തന്നെയാണ്.

Digitized By Kerala Sahitya Akademi

ഹിറോക്കോ

നിനക്കുറപ്പുണ്ടോ എല്ലാം ശരിയായനിലയിൽത്തന്നെയാണെന്ന്?

ജീരോ

തികച്ചും.

ഹിറോക്കോ

നിങ്ങൾക്കു രണ്ടുപേക്കും ചെറുപ്പമാണ്. എന്താ സംഭവിക്കുകയെന്നു പറയാൻ നിങ്ങൾക്കു സാദ്ധ്യമല്ല. അതുകൊണ്ട് ഫ്യൂജിയെ ഞാൻ ഇവിടെനിന്നും പിരിച്ചയയ്ക്കാൻ പോവുകയാണ്.

ജീരോ

അവളെ പിരിച്ചയയ്ക്കുയോ!

ഹിറോക്കോ

അതെ.

ജീരോ

അമ്മ അതു ചെയ്താൽ, അവൾ തീച്ചയായും ഒരു മോഹിനിയാട്ടക്കാരിയായിത്തീരും.

ഹിറോക്കോ

അതെ, അവൾ അങ്ങനെ ആയിത്തീരുമെന്ന് എനിക്കു തോന്നുന്നു.

ജീരോ

എന്നാൽ അവളെ പിരിച്ചയയ്ക്കുന്ന കാര്യത്തിൽ ഞാൻ തടസ്സക്കാരനാണ്.

ഹിറോക്കോ

നീ തടസ്സം പറഞ്ഞാൽ, സംശയത്തിനു നീ പാത്രമാകും.

ജീരോ

അതിനു ഞാൻ വിചാരിച്ചാൽ നിവൃത്തിയില്ല.

Digitized By Kerala Sahitya Akademi

ഹിറോക്കോ

ഈശ്വര! അപ്പോൾ, അതു പരമാർത്ഥമാണല്ലേ! ഉടൻതന്നെ അവളെ പറഞ്ഞയയ്ക്കണം, തീച്ച. നിനക്കതു കാണാം.

[ഹിറോക്കോ രോഷാകുലയായി മുറി വിട്ടുപോകാൻ തുടങ്ങുന്നു; പക്ഷേ ജീരോ തടയുന്നു]

ജീരോ

ഒരു മിനിട്ട്, അമ്മേ.

ഹിറോക്കോ

നീ പറയുന്നതൊന്നും എനിക്കിനി കേൾക്കേണ്ട!

[മുറി വിട്ടുപോകുവാൻ വീണ്ടും ഉദ്യമിക്കുന്നു; പക്ഷേ ജീരോ കൈത്തണ്ടിനു കടന്നു പിടികൂടി തട്ടുത്തുനിത്തുന്നു]

ജീരോ

അമ്മേ, അവളെ പിരിച്ചയയ്ക്കാനാണ് അമ്മയ്ക്കാഗ്രഹമെങ്കിൽ അങ്ങനെതന്നെയാകട്ടെ. ഞാൻ വിചാരിച്ചാൽ അതിനു നിവൃത്തിയില്ല. അവളെ കണ്ടേ കഴിയൂ എന്ന നിശ്ചയമൊന്നും എനിക്കില്ല. പക്ഷേ ഒരു മോഹിനിയാട്ടക്കാരിപ്പെണ്ണിന്റെ ജീവിതത്തിലേയ്ക്ക് അവളെ തള്ളിവിടുന്ന കാര്യത്തിൽ എനിക്കു വലിയ വിഷമമുണ്ട്. അങ്ങനെയൊരു ദുർവിധിയിൽനിന്നും ഒരുകാലത്ത് അമ്മയും അച്ഛനും അവളെ രക്ഷിച്ചു. ആ കാര്യത്തിൽ ഫ്യൂജി സദാ നിങ്ങളോടു നന്ദി കാണിക്കുന്നുമുണ്ട്. ഒന്നുമില്ലെങ്കിലും നിങ്ങൾക്ക് അവളെ പണംകൊണ്ടു സംരക്ഷിക്കാൻ സാധിക്കും.

ഹിറോക്കോ

എന്തിന്, ജീരോ, നീ കരയുകയാണോ!

അപ്പോൾ—ഈ കേൾവി പരമാർത്ഥമാണല്ലേ!

Digitized By Kerala Sahitya Akademi

ജീരോ

ഒരുപക്ഷേ പരമാർത്ഥമായിരിക്കാം; ഒരുപക്ഷേ അല്ലായിരിക്കാം—രണ്ടുമാകാം. എങ്ങനെയായാലും അതിലൊന്നും ഒരു ചുക്കുമില്ല. പക്ഷേ അവൾ ഒരു മോഹിനിയാട്ടക്കാരിയാവുക!—എനിക്കതസഹ്യമാണ്. അവൾ ഒരു പത്നിയായിത്തീരുന്നതുവരെ അവളെ പരിശുദ്ധയായി സൂക്ഷിക്കണം.

ഹിറോക്കോ

ആട്ടെ, അതങ്ങനെ ചെയ്യാമെന്നു ഞാൻ വിചാരിക്കുന്നു. പക്ഷേ നീ അവളെ കാണുകയോ അവളുമായി കത്തിടപാടുകൾ നടത്തുകയോ ചെയ്തുകൂടാ.

ജീരോ

അവളെ ഭദ്രമായി കാത്തുസംരക്ഷിക്കുന്നപക്ഷം, അവളെ കാണുകയോ അവളുമായി കത്തിടപാടു നടത്തുകയോ ചെയ്യുകയില്ലെന്നു ഞാൻ വാക്കു പറയുന്നു.

ഹിറോക്കോ

നിനക്കതിൽ നല്ല ഉറപ്പുണ്ടോ?

ജീരോ

അമ്മേ, അമ്മ എന്നെ സംശയിക്കുന്നോ? എന്നെ അമ്മയ്ക്കു വിശ്വാസമില്ലെന്നു ഞാൻ വിചാരിച്ചിരുന്നെങ്കിൽ എന്റെ പ്രവൃത്തിയെക്കുറിച്ച് എനിക്കൊരു ചുക്കും തോന്നുകില്ലായിരുന്നു.

ഹിറോക്കോ

ഞാൻ തീർച്ചയായും നിന്നെ വിശ്വസിക്കുന്നു. ഞാൻ തീർച്ചയായും നിന്നെ വിശ്വസിക്കുന്നു. ഞാൻ ഫ്യൂജിയെ ഇന്നു പിരിച്ചുവിടും.

Digitized By Kerala Sahitya Akademi

ജീറോ

കൊള്ളാം, ആകട്ടെ; പക്ഷേ അവൾ ഇവിടം വിട്ടുപോകുന്നതിനുമുൻപ് ഒരു പ്രാവശ്യം എനിക്കവളെ ഒന്നു കാണണം.

ഫിറോക്കോ

എന്റെ മുമ്പിൽവെച്ചു നിനക്കവളെ കാണാം.

ജീറോ

വേണ്ട; അത് സാദ്ധ്യമല്ല.

ഫിറോക്കോ

എന്നാൽ അവളെ കാണാൻ ഞാൻ നിന്നെ അനുവദിക്കുകയേ ഇല്ല.

ജീറോ

വളരെ നന്ന്!—എന്നാൽ ഞാൻ അവളുമായി കത്തിടപാടു നടത്തും.

ഫിറോക്കോ

നീയതിനൊരുമ്പെട്ടാൽ!

ജീറോ

അമ്മേ!

ഫിറോക്കോ

അനുസരണയില്ലാത്ത കുട്ടി.

ജീറോ

അനുസരണയില്ലാത്തവനാകേണ്ടി വന്നാൽ ഞാൻ അങ്ങനെയാകും. അമ്മേ, കാര്യം പറഞ്ഞാൽ അമ്മയ്ക്കു മനസ്സിലാവുകയില്ല. ഇനിയും അമ്മയുടെ വർത്തമാനം കേട്ടുകൊണ്ടു നിന്നാൽ ഈ ഞാൻതന്നെ കാര്യം പറഞ്ഞാൽ മനസ്സിലാകാത്തവനായിത്തീർന്നേയ്ക്കും.

[ജീറോ പോകാൻ ഭാവിക്കുന്നു.]

Digitized By Kerala Sahitya Akademi

ഹിറോക്കോ

നീയെങ്ങോട്ടു പോകുന്നു?

ജീരോ

ഫ്യൂജിയെ കാണാൻ.

ഹിറോക്കോ

നില്ക്കു! നില്ക്കു! എന്തിനാണ് നീ അവളെ കാണാൻ പോകുന്നത്?

ജീരോ

ഒരു മോഹിനിയാട്ടക്കാരത്തിയുടെ ജീവിതത്തിൽനിന്നും അവളെ അകററിനിത്തുവാൻ പര്യാപ്തമായ വിധത്തിൽ ഞാൻ അവൾക്കു ചില ഉപദേശങ്ങൾ കൊടുക്കാൻ പോവുകയാണ്.

ഹിറോക്കോ

അത്രമാത്രമേ നിനക്കവളോടു പറയാനുള്ളുവെങ്കിൽ നിനക്കതിവിടെ എന്റെ മുമ്പിൽവെച്ച് ആകാമല്ലോ.

ജീരോ

ആകട്ടെ; അങ്ങനെതന്നെ.

[അയാൾ മണിയടിക്കുന്നു. നിമിഷത്തിനുള്ളിൽ വാതില്ക്കൽ ഒരു മുട്ട്.]

ജീരോ

അകത്തേയ്ക്കു വരാം.

[ഫ്യൂജി പ്രവേശിക്കുന്നു.]

ഫ്യൂജി

എന്താണാവശ്യം, കൊച്ചങ്ങുന്നേ?

ജീരോ

എനിക്കു നിന്നോടല്പം സംസാരിക്കാനുണ്ട്.

Digitized By Kerala Sahitya Akademi

ഫ്യൂജി

എന്താണങ്ങുന്നേ?

ജീരോ

എൻെറ അമ്മ ഇവിടെ നില്ക്കുന്നുണ്ടെന്ന് നീ കണക്കാക്കണം. (ഫ്യൂജി പുഞ്ചിരി തൂകുന്നു.) ഹാ, നീയിപ്പോൾ പുഞ്ചിരിക്കൊള്ളുകയാണ്; എന്നാൽ എനിക്കു നിന്നോടു പറയാനുള്ള ആ ഒററവാക്കു നിൻെറ പുഞ്ചിരിയെ കണ്ണീരാക്കി മാററും.

ഫ്യൂജി

എന്തു്!

ജീരോ

പക്ഷേ ഇതാകമാനം നിൻെറ നന്മയെമാത്രം ഉദ്ദേശിച്ചാണ്.

ഫ്യൂജി (ആശ്ചര്യപൂർവ്വം)

....

ജീരോ

കാലാന്തരത്തിൽ നിനക്കായിരിക്കും വിജയമെന്ന് എനിക്കുറപ്പുണ്ട്. നീ അങ്ങനെ ആയില്ലെങ്കിൽ ഞാനായിരിക്കും നിന്നോടു പ്രതികാരം ചെയ്യുന്ന ആൾ.

ഫ്യൂജി

....

ജീരോ

നിനക്കു ഭയംതോന്നുന്നോ? ഞാൻ പറയുന്നതു വെറും അസംബന്ധംപോലെയാണ് നിൻെറ ചെവികളിൽ മുഴങ്ങുന്നതെന്ന് എനിക്കറിയാം. എന്നിരുന്നാലും നീ ഇതു പറയുന്നതു് എന്നും ഓർമ്മവെയ്ക്കണം. നീ ഒരു പത്നിയായിത്തീരുന്നതുവരെ പരിശുദ്ധയായ ഒരു കന്യകയായിട്ടുവേണം ജീവിക്കാൻ. നിന്നെപ്പോലെ സുന്ദരിയായ ഒരു പെൺകിടാവിൻെറ മുമ്പിൽ പല പ്രലോഭനങ്ങളും ഉദിച്ചുയരാനിടയുണ്ട്. എന്നാൽ അ

Digitized By Kerala Sahitya Akademi

വരെ എല്ലാം നീ അതിക്രമിച്ചു കീഴടക്കണം—അതാണ് നിന്റെ കർത്തവ്യം. നീ അങ്ങനെ ചെയ്യില്ലെങ്കിൽ, ഒരിക്കലും ഞാൻ നിനക്കു മാപ്പു തരുന്നതല്ല.

ഫ്ലൂജി

അങ്ങനെയാകട്ടെ, അങ്ങുന്നെ!

ജീരോ

ഞാനിനിപ്പറയുന്നതു കേൾക്കുമ്പോൾ നീ അത്ഭുതംകൊണ്ടു സ്തംഭിച്ചുപോകും. പക്ഷേ, പരിഹാസ്യമായ ഒരു തെററിദ്ധാരണ എന്നേയും നിന്നേയും സംബന്ധിച്ചുണ്ടായിട്ടുണ്ട്. എന്റെ അമ്മയ്ക്കാണെങ്കിൽ അക്കാര്യത്തിൽ വലിയ മനഃശല്യമായിരിക്കുന്നു. നാം കൂടെക്കൂടെ രാത്രി വളരെ വൈകിയിട്ട് അന്യോന്യം കാണുകയും അധികനേരം സംസാരിക്കുകയും ചെയ്യുന്നതിൽനിന്നാണ് ഇതൊക്കെ പൊട്ടിപ്പുറപ്പെട്ടിട്ടുള്ളത്. അതുകൊണ്ട്, ഫ്ലൂജി, എനിക്കിപ്പോൾ പറയേണ്ടതായി വന്നിരിക്കുന്നു; ഇന്നുമുതൽ നീ........

ഹിറോകോ

ജീരോ!

ജീരോ

ബാക്കി അമ്മതന്നെ അവളോടു പറയൂ, അമ്മേ!

ഹിറോകോ

സംഗതിയിതാണ് ഫ്ലൂജി;—നീ ഇന്നുതന്നെ ഇവിടംവിട്ടു പോണം.

[ഫ്ലൂജി ആശ്ചര്യഭരിതയായി കാണപ്പെടുന്നു.]

ഹിറോകോ

നീ ഇനിയും ഇവിടെ താമസിച്ചാൽ നമുക്കെല്ലാവർക്കും വലിയ രസക്കേടിനിടയാകും.

[ഫ്ലൂജി കരഞ്ഞുതുടങ്ങുന്നു.]

Digitized By Kerala Sahitya Akademi

ജീരോ

കരയാതിരിക്കു! നിനക്ക് ഇതിനേക്കാൾ സുഖമായി കഴിഞ്ഞുകൂടാം. ഞാൻ കാര്യങ്ങളെല്ലാം അമ്മയുമായി സംസാരിച്ചുകഴിഞ്ഞു. നിനക്കു വിഷമിക്കേണ്ട യാതൊരാവശ്യവുമില്ല. ഒരു മോഹിനിയാട്ടക്കാരിയായിത്തീരണ്ട ഘട്ടം ഒരിക്കലും നിനക്കുണ്ടാവുകയില്ല. ഇതുപോലെ നരകം പിടിച്ച ഒരു വീട്ടിൽ നിന്നൊഴിഞ്ഞു കന്നിരിക്കുമ്പോൾ നിനക്ക് അധികമധികം ഉല്ലാസം തോന്നും. പഠിക്കാനോ, കളിക്കാനോ, അല്ലെങ്കിൽ നിൻെറ ഇഷ്ടംപോലെ എന്തുതന്നെ ചെയ്യുവാനോ നിനക്കു സാധിക്കും. ഒരു നല്ല ഭാര്യയും മാതാവുമായിത്തീരുന്നതിനു പററിയ സ്വഭാവഘടന സ്വയം നിന്നിൽ നിർമ്മിക്കുവാൻ നിനക്കു കഴിവുകിട്ടും. പക്ഷേ, നാം തമ്മിൽ കണ്ടുപാടു നടത്തുവാൻ അനുവാദമില്ല. ക്ലേശിക്കാതിരി. എല്ലാക്കാര്യവും എനിക്കിങ്ങു വിട്ടുതന്നേക്കു. അമ്മ നിന്നെ ശരിയായി സംരക്ഷിച്ചുകൊള്ളാമെന്ന് എനിക്കു വാക്കു തന്നിട്ടുണ്ട്.

[ഫ്ലൂജി തേങ്ങിക്കരഞ്ഞുകൊണ്ടേയിരിക്കുന്നു.]

ജീരോ

നീ ഇടന്നിങ്ങനെ കരഞ്ഞുകൊണ്ടിരുന്നാൽ അവരെന്നെ സംശയിക്കും. അതുംപോകട്ടെ. ഇവിടെയിപ്പോൾ ഇത്ര കരയാനെന്തിരിക്കുന്നു! നീ ഞങ്ങളെ വിട്ടുപിരിയുകയാണ്. പക്ഷേ ഒന്നാലോചിച്ചു നോക്ക്, നമ്മുടെ ഇന്നത്തെ സ്ഥിതിയെന്താണെന്ന്. എൻെറ അച്ഛന് ആരേയും ബഹുമാനമില്ല. കാര്യം പറഞ്ഞാൽ മുള്ളുകണ്ടു കടക്കാത്ത പ്രകൃതക്കാരിയാണ് എൻെറ അമ്മ; ഞാനാണെങ്കിൽ സദാ നിന്നെക്കൊണ്ടു പിടിപ്പതു പണിയെടുപ്പിക്കുന്നു; മററു വേലക്കാരാണെങ്കിൽ തുടർച്ചയായി നിന്നെ ശല്യപ്പെടുത്തുന്നവരാണ്. എന്തിന്, നിന്നെ ഇ

Digitized By Kerala Sahitya Akademi

വിടെനിന്നു പിരിച്ചയക്കുന്നതിൽ ഞാൻ കാരണക്കാരനായതിന്' നീ എന്നോടു നന്ദിപറയണം.

ഫ്ലൂജി

....

ജീരോ

നിന്നെക്കൊണ്ടു ഞാൻ ഒട്ടേറെ പണിയെടുപ്പിച്ചു; നീയാകട്ടെ നിൻെറ ജോലികളെല്ലാം ഭംഗിയായി നിർവ്വഹിക്കുകയും ചെയ്തു—ഇനി നിൻെറ സ്ഥാനത്തു വരുന്ന ആക്കുംതന്നെ തൃപ്തികരമായവിധത്തിൽ ചെയ്യാൻ സാധിക്കാത്തവിധം അത്ര ഭംഗിയായി നീ നിൻെറ ജോലികൾ നടത്തിയിരുന്നു. അതുല്യമായ നിൻെറ സേവനത്തിന്' ഒരു ചെറിയ പ്രതിഫലം നിനക്കു നൽകുവാൻ ഞാൻ ഉദ്ദേശിക്കുന്നു. ആട്ടെ, ഇപ്പോഴാണ് ഓർത്തത്—ഞാൻ നിൻെറ കൈയിൽ തന്ന ആ ചേട്ടനുള്ള കത്തു നീ തപ്പാലിലിട്ടോ?

ഫ്ലൂജി

ഉവ്വങ്ങുന്നേ, ഞാനതു തപ്പാലിൽ ഇട്ടു.

ജീരോ

ശരി, നന്നായി. നീ ഇവിടെനിന്നും ഇറങ്ങിപ്പോകുന്നതു കാണ്മാൻ ഞാൻ വെറുക്കുന്നു. അനേകനാളായല്ലോ നീ ഇവിടെ താമസിച്ചുതുടങ്ങിയിട്ട്. (ഫിറോമോക്കോവിനോട്) അമ്മേ, എൻെറ മുൻപിൽവെച്ച് അമ്മ അവൾക്കു വാക്കുകൊടുക്കാമോ അവളെ അമ്മ സംരക്ഷിച്ചുകൊള്ളാമെന്നു്?

ഫിറോമോക്കോ

ആകാം; ഞാൻ വാക്കുകൊടുക്കുന്നു. (ഫ്ലൂജിയോട്) ഒരു മോഹിനിയാട്ടക്കാരിയാക്കുന്നതിലേയ്ക്കു നിന്നെ വില്ക്കേണ്ടിവരുന്ന പരിതാപകരമായ നില നിൻെറ കുടുംബത്തിന്' എന്നെങ്കിലും വന്നുചേർന്നാൽ, നീ എൻെറ അടുത്തുവാ, ഞാൻ

Digitized By Kerala Sahitya Akademi

നിന്നെ സഹായിക്കാം. ഏറെക്കാലമായി നീ ഞങ്ങളൊന്നിച്ചു താമസിച്ചവളാണ്; ഒരു സ്നേഹിതയെപ്പോലെയാണ് ഞാൻ നിന്നെ പരിഗണിക്കുന്നതു്; അതുകൊണ്ടു യാതൊരു സങ്കോചവും പരിഭ്രമവും വേണ്ട. എപ്പോൾ നിനക്കു പണത്തിനാവശ്യം നേരിടുന്നു, അപ്പോൾ ഇങ്ങു വന്നുകൊള്ളുക; എന്റെ സ്വന്തം സമ്പാദ്യത്തിൽനിന്നാണെടുക്കേണ്ടിവരുന്നതെങ്കിൽപ്പോലും ഞാൻ നിനക്കു പണം തരാം.

ഹ്യൂജി

തീച്ചയായും ഞാൻ, കൊച്ചമ്മേ, കൊച്ചമ്മയുടെ കാരുണ്യത്തെക്കുറിച്ചോക്കും.

ഹിറോക്കോ

ജീരോ പറയുന്നപോലെ നീ ഒരു നല്ല സ്ത്രീയായി വളന്നു വരണം.

ഹ്യൂജി

തീച്ചയായും, കൊച്ചമ്മേ!

ഹിറോക്കോ

നീ കല്യാണം കഴിച്ചുകഴിഞ്ഞു ഞങ്ങളെ കാണാൻ വരണം.

ഹ്യൂജി

കൊച്ചമ്മയോടു ഞാൻ വളരെ നന്ദി പറയുന്നു.

ഹിറോക്കോ

നീ നല്ലനിലയ്ക്കു പെരുമാറിപ്പോന്നാൽ എനിക്കു നിശ്ചയമുണ്ടു്—നിനക്കൊരു വിഷമവും ഉണ്ടാവുകയില്ല ഒരു നല്ല ഭത്താവിനെ കിട്ടാൻ! മൂന്നോ നാലോ കൊല്ലത്തിനുള്ളിൽ നീ നിന്റെ തലമുടി ചീകിക്കെട്ടുന്ന രീതിക്കു മാററംവരുത്തുകയും, നിന്റെ കുഞ്ഞിനോടൊന്നിച്ചു ഞങ്ങളെ കാണാനിവിടെ വരികയും ചെയ്യും.

Digitized By Kerala Sahitya Akademi

[ഇവർ ഇരുവരും ഇങ്ങനെ സംസാരിച്ചുകൊണ്ടു
നിൽക്കേ, ആരുടേയും ശ്രദ്ധയിൽ പെടാതെ
ഒരു തുണ്ടുകടലാസ്സിൽ ജിരോ എന്തോ ചില
തു കുത്തിക്കുറിക്കുന്നു. ഈ കടലാസ്സുതുണ്ട് അ
യാൾ ഒരു പുസ്തകത്തിനുള്ളിൽവെച്ച്, പുസ്ത
കം അതിന്റെ ചട്ടക്കൂടിലേയ്ക്കു തള്ളിയിട്ട്,
ഫ്യൂജിയുടെ കൈയിലേയ്ക്കു കൊടുക്കുന്നു]

ജിരോ

നിന്റെ സേവനങ്ങളെക്കുറിച്ച് എനിക്കുള്ള അഭിനന്ദനത്തിന്റെ ഒരു ചെറിയ ചിഹ്നമാണിത്. ഒരു സ്മാരകമായി നീയിതെടുത്തുകൊള്ളുക!

ഫ്യൂജി

അങ്ങയ്ക്കു നന്ദിപറയുന്നു, അങ്ങുന്നേ!

[പരമാർത്ഥത്തിൽ ഇപ്പോഴും കണ്ണീരൊഴുക്കിക്കൊ
ണ്ടാണവളുടെ നിലയെങ്കിലും അവൾ വളരെ
വണക്കത്തോടുകൂടി തലകുനിക്കുന്നു]

ജിരോ

ശരി, അമ്മേ, എല്ലാം കഴിഞ്ഞു. ഞാൻ എന്റെ വാക്കു പരിപാലിച്ചു; ഇനി അമ്മ അമ്മയുടെ വാക്കു പാലിക്കണം. (ഫ്യൂജിയോട്) എന്നാലങ്ങനെയാട്ടെ, ഫ്യൂജി, നമസ്കാരം! നിനക്കു ഞാൻ സർവ്വനന്മകളും നേരുന്നു! എപ്പോഴെങ്കിലും ഇവിടെ അടുത്തെങ്ങാൻ വന്നാൽ, നമുക്കിരുവർക്കും അന്യോന്യം കാണാൻ സാദ്ധ്യമല്ലെങ്കിലും, ഇവിടെ കയറിയിട്ടേ നീ പോകാവൂ.

ഹിറോക്കോ

നിശ്ചയമായും. വല്ലപ്പോഴുമൊരിക്കൽ നിങ്ങൾ അന്യോന്യം കാണുന്ന കാര്യം ഞാനത്ര സാരമാക്കുന്നില്ല. പക്ഷേ, എ

Digitized By Kerala Sahitya Akademi

ന്നു ചെയ്യാം, ജനങ്ങളുടെ അപവാദമാണ് ഈ ഉപദ്രവമൊക്കെ ഉണ്ടാക്കുന്നത്. വരുന്നേ, ഫ്യൂജി, നമുക്കിനി പോകാം........

[ഫ്യൂജി നമിച്ചിട്ട്, ഉദ്ദേശത്തോടുകൂടി ജീരോവിന്റെ മുഖത്തേയ്ക്കു നോക്കുകയും അനന്തരം ഹിരോകോ ഒന്നിച്ചു വെളിയിലേയ്ക്കിറങ്ങിപ്പോവുകയും ചെയ്യുന്നു.

ജീരോ അവളുടെ പുറകെ കണ്ണയയ്ക്കുന്നു അനന്തരം കരഞ്ഞുകൊണ്ടു മേശപ്പുറത്തു വീഴുന്നു. കുറച്ചു നേരം കഴിഞ്ഞു വാതിൽക്കൽ ഒരു മുട്ട്. ജീരോ അയാളുടെ കണ്ണുകൾ തുടയ്ക്കുന്നു]

ജീരോ

അകത്തു വരാം.

[വേറൊരു വേലക്കാരി പ്രവേശിക്കുന്നു]

വേലക്കാരി

മിസ്റ്റർ ഒബെയാഷി ഇവിടെ വന്നിട്ടുണ്ട്, അങ്ങുന്നേ.

ജീരോ

ഓഹോ, അങ്ങനെയോ?

[വേലക്കാരി വെളിയിലേയ്ക്കു പോകുന്നു. ജീരോ എഴുന്നേററ് ഒരു കണ്ണാടിയിൽ നോക്കിയിട്ടു മുറിയിൽനിന്നു പുറത്തേയ്ക്കു് അവളെ അനുഗമിക്കുന്നു. ഒരു നിമിഷത്തിനുള്ളിൽ അയാൾ മിസ്റ്റർ ഒബെയാഷിയുമൊന്നിച്ചു മടങ്ങിയെത്തുന്നു. അവർ ഇരിക്കുന്നു]

ഒബെയാഷി

ആട്ടെ, എന്തെല്ലാമുണ്ട്, വിശേഷങ്ങൾ?

Digitized By Kerala Sahitya Akademi

ജീരോ

തനിക്കു വല്ലതും അറിവുണ്ടോ?

ഒബെയാഷി

പുതിയതു് ഒന്നുമില്ല.

ജീരോ

എനിക്കറിവുണ്ടു്.

ഒബെയാഷി

എന്താ?

ജീരോ

ശരി,........

ഒബെയാഷി

നല്ല വർത്തമാനം വല്ലതുമാണോ അതു്?

ജീരോ

അതു നല്ലതോ ചീത്തയോ എന്നു് എനിക്കു നിശ്ചയമില്ല.

ഒബെയാഷി

എന്തിനെക്കുറിച്ചാണിതൊക്കെ?

ജീരോ

ഒരു പ്രത്യേകസംഗതി. ഞാൻ മുൻപുതന്നെ ഒരുദിവസം തന്നോടു് അതിനെക്കുറിച്ചു പറയാൻപോയതാണു്. പക്ഷേ, ഞാനതു ചെയ്തില്ല.

ഒബെയാഷി

താനെന്താണുദ്ദേശിക്കുന്നതെന്നു് ഏതാണ്ടു് എനിക്കൂഹിക്കാൻ കഴിയുമെന്നു തോന്നുന്നു.

ജീരോ

അതിൽ പകുതി ഏതാണ്ടു തനിക്കു് ഊഹിക്കാൻ കഴിഞ്ഞേക്കാം.

ഒബെയാഷി

പകുതി എന്നാണോ താൻ പറയുന്നെ?

Digitized By Kerala Sahitya Akademi

ജീരോ

അതെ; ഞാൻ ഫ്യൂജിയെ സ്നേഹിക്കുന്നുണ്ടെന്നു് മിക്കവാറും താൻ ഊഹിച്ചിരിക്കും.

ഒബെയാഷി

ഉവ്വ്; ഞാനതു് ഊഹിക്കയുണ്ടായി.

ജീരോ

അവളെ സ്നേഹിക്കാൻ എനിക്കു് ഒരവകാശവുമില്ലെന്നു്, പക്ഷേ, തനിക്കറിഞ്ഞുകൂടാ.

ഒബെയാഷി

എനിക്കറിയാമെന്നു തോന്നുന്നു; അതും അതിന്റെ കാരണവും.

ജീരോ

തനിക്കറിയാമോ?

ഒബെയാഷി

കാരണം സ്ഥിതിവ്യത്യാസമാണു്.

ജീരോ

ഛേയി! ലവലേശമല്ല. അതായിരുന്നു കാരണമെങ്കിൽ, സംഗതികൾ യാതൊരു പ്രയാസവുമില്ലാതെ നടന്നേനെ.

ഒബെയാഷി

എന്നാൽ പിന്നെ ഒരു 'യോഷി'യെ കല്യാണംകഴിക്കാൻ പോവുകയാണവൾ. *

---

* ഒരു ജാപ്പാനീസ് കുടുംബത്തിൽ ആണില്ലാതെവന്നാൽ, കുടുംബനാമധേയം നിലനിർത്തുവാൻവേണ്ടി ഒരാളെ ദത്തുപുത്രനായി കുടുംബത്തിലേയ്ക്കു സ്വീകരിക്കുകയും, മൂത്തമകൾ അയാളെ വിവാഹം കഴിക്കേണ്ടിവരികയും ചെയ്യുന്നു. അങ്ങനെയുള്ള ഒരാൾ അയാളുടെ സ്വന്തം കുടുംബപ്പേർ ഉപേക്ഷിച്ചു ഭാര്യയുടെ കുടുംബപ്പേർ സ്വീകരിക്കയാണു് പതിവു്. ഇപ്രകാരം വിവാഹം കഴിക്കുന്ന ഏതൊരാളും 'യോഷി' എന്ന അഭിജ്ഞയാലാണു് അറിയപ്പെടുന്നതു്.

Digitized By Kerala Sahitya Akademi

ജീറോ

അല്ല. തനിക്കു വീണ്ടും തെററുപററി.

ഒബെയാഷി

എന്നാൽപ്പിന്നെ ഫ്യൂജി വേറെ ആരെയെങ്കിലും സ്നേഹി ക്കുന്നുണ്ട്.

ജീറോ

അതാണ് യഥാർത്ഥസംഗതി.

ഒബെയാഷി

അതു ഭയങ്കരംതന്നെ; എന്താ അല്ലേ?

ജീറോ

അതിനേക്കാൾ ഭയങ്കരമാണത്.

ഒബെയാഷി

എന്നുവെച്ചാൽ? താൻ എന്താണതുകൊണ്ടർത്ഥമാക്കു ന്നത്?

ജീറോ

ഞാനർത്ഥമാക്കുന്നതിതാണ്: അവരിൽ ഓരോ ആളും എന്നെ അതിഗാഢമായി വിശ്വസിക്കുന്നു. ഞാൻ അവരെ ഹൃദയപൂർവ്വം സഹായിക്കുമെന്നാണ് അവരുടെ വിശ്വാസം.

ഒബെയാഷി

എത്ര പരിതാപകരം!

ജീറോ

അതിനെ പരിതാപകരമെന്നോ, അല്ലെങ്കിൽ തനിക്കി ഷ്ടമുള്ള മറെറന്തെങ്കിലുമെന്നോ വിളിച്ചുകൊള്ളൂ; പക്ഷേ, അതി നേക്കാളെല്ലാം വഷളായിട്ടുള്ള എന്തോ ഒന്നാണത്. ഞാൻ ആത്മാർത്ഥമായി സ്നേഹിക്കുന്ന ഒരുവളോട് ഉദാസീനഭാവം അഭിനയിക്കേണ്ടിവരിക!

Digitized By Kerala Sahitya Akademi

ഒബെയാഷി

ആരാണാൾ? അയാൾ സാമാന്യം നല്ല ഒരുത്തനാണോ?

ജിരോ

എന്റെ ആത്മാവിനോട് ഏററവും അടുത്തുനിൽക്കുന്ന ഒരാളാണാ മനുഷ്യൻ എന്ന് എനിക്കു പറയേണ്ടിയിരിക്കുന്നു. എന്റെ സ്വന്തം ചേട്ടൻതന്നെ!

ഒബെയാഷി

എന്ത്!

ജിരോ

ഇത് അതിഭയങ്കരമല്ലേ? ചേട്ടൻ അവളെ സ്നേഹിക്കുന്നു എന്ന സംഗതി എന്നോടു സമ്മതിക്കുന്നതിനുമുൻപുതന്നെ ഫ്യൂജിയെ ഞാൻ സ്നേഹിച്ചിരുന്നു. ഞാൻ ചേട്ടനെ വാസ്തവത്തിൽ ഭയപ്പെട്ടു. എന്തെന്നാൽ അദ്ദേഹം എന്റെ എതിരാളിയാണെന്ന ബോധം എനിക്കുണ്ടായി. ചേട്ടൻ വിദേശങ്ങളിലേയ്ക്കു പോവുകയാണെന്നു കേട്ടപ്പോൾ എന്റെ മനസ്സാക്ഷിക്കു പരുക്കുതട്ടിയെങ്കിലും ഞാൻ വളരെ സന്തുഷ്ടനായി. വഴിയിൽനിന്നും അദ്ദേഹം ഒഴിഞ്ഞുകലുന്നതോടുകൂടി ഫ്യൂജി എന്റെ സ്വന്തമായിത്തീരുമെന്നു ഞാൻ കരുതി. അദ്ദേഹം ഇവിടംവിട്ടുപോകുവാൻ ഞാൻ ഉൽക്കണ്ഠയോടുകൂടി കാത്തിരുന്നു. ഒടുവിൽ പോകുവാൻതന്നെ അദ്ദേഹം ഖണ്ഡിതമായി തീരുമാനിച്ചുറച്ച ആ രാത്രി ഞാൻ നന്നായോർക്കുന്നു. നല്ല നിലാവുള്ള ഒരു രാത്രിയായിരുന്നു അത്. അദ്ദേഹം എന്റെ മുറിയിൽവന്നു ഞാൻ അദ്ദേഹത്തിന്ന് ഒരുപകാരംചെയ്യണമെന്നാവശ്യപ്പെട്ടു. എന്താണ് ചെയ്യേണ്ടതെന്നു ഞാൻ അദ്ദേഹത്തോടു ചോദിച്ചു. അദ്ദേഹം പറഞ്ഞു: 'ഞാൻ വിദേശങ്ങളിലേയ്ക്കു യാത്രയാണെന്നു താനറിഞ്ഞോ?' അദ്ദേഹത്തിന്നു സംഗീതത്തിലുള്ള അതിരററ താല്പര്യത്തെക്കുറിച്ചും, മഹാഗായകന്മാരായ സായേ, ക്യൂബെലിക്, പാദ്ര്വ്സ്കി തുടങ്ങിയ

Digitized By Kerala Sahitya Akademi

വരുടെ ഗാനാലാപം കേൾക്കുന്നതിൽ അദ്ദേഹത്തിനു വലിയ ആശയുണ്ടെന്നും അതിനാൽ തന്റെ ആഗ്രഹസാദ്ധ്യത്തിനായി അദ്ദേഹം വിദേശങ്ങളിലേയ്ക്കു പോകുവാൻ ഉദ്ദേശിക്കുന്നുണ്ടെന്നുമുള്ളതിനെക്കുറിച്ചും ഞാൻ മനസ്സിലാക്കിയിട്ടുണ്ടെന്ന് അദ്ദേഹത്തോടു പറഞ്ഞു. പക്ഷേ, അദ്ദേഹം പറഞ്ഞത് അതദ്ദേഹത്തിന്റെ ഉപായത്തിലുള്ള ഒരൊഴികഴിവുമാത്രമാണെന്നാണ്; ഇവിടെ താമസിക്കുവാൻ ഭയം തോന്നുന്നതാണത്രേ അദ്ദേഹത്തിന്റെ യാത്രയുടെ യഥാർത്ഥകാരണം. ഇതെന്നെ വിസ്മയാധീനനാക്കി. എന്തുകൊണ്ടാണാ ഭയമെന്നു ഞാൻ അദ്ദേഹത്തോടു ചോദിച്ചു. ആദ്യം അദ്ദേഹത്തിന്ന് അല്പമൊരമ്പരപ്പുണ്ടായി. പക്ഷേ ഒടുവിൽ (കേട്ടോ, ചേട്ടൻ എന്നെതികച്ചും വിശ്വസിച്ചിരുന്നു—താൻ വിശ്വസിക്കുന്നതിനേക്കാൾ കൂടുതലായി) അദ്ദേഹം പറഞ്ഞു: 'ഒന്നോ രണ്ടോ മാസംകൂടി ഞാൻ ഇവിടെ താമസിക്കുന്നപക്ഷം, ഹ്യൂജിയുടെ ജീവിതത്തിൽ ശോകമയമായ ഒരു പരിണാമത്തിനു ഞാൻമൂലം ഇടയായേയ്ക്കും. ഞങ്ങൾ പരസ്പരം ഗാഢമായി സ്നേഹിക്കുന്നു. ഒന്നിച്ചിരിക്കാൻ ഞങ്ങൾക്കു ഞങ്ങളെത്തന്നെ വിശ്വാസമില്ല. ഏതു നിമിഷത്തിലും വല്ലതും സംഭവിച്ചേയ്ക്കാം. അവൾ ഗർഭിണിയായിത്തീരുകയും അച്ഛനും അമ്മയും ഞങ്ങളുടെ വിവാഹത്തിന്നു സമ്മതിക്കാതിരിക്കുകയും ചെയ്യുകയാണെങ്കിൽ (അവർ ഒരിക്കലും സമ്മതിക്കില്ലെന്ന് എനിക്കറിയാം) എനിക്കവളെ സംരക്ഷിച്ചുകൊണ്ടുപോകുവാൻസാദ്ധ്യമല്ല; എന്തുകൊണ്ടെന്നാൽ, എനിക്കുതന്നെ പരിശീലനം സിദ്ധിച്ചിട്ടില്ല സ്വന്തം കാലിൽ നിന്നു ജീവിക്കുവാൻ. അതു ഞങ്ങൾ രണ്ടുപേരുടേയും ദുരന്തത്തിനിടയാക്കും. അതിനെക്കുറിച്ചാണ് എനിക്കുള്ള ഭയം. മൂന്നുകൊല്ലക്കാലത്തേയ്ക്കു ഞാൻ ഇവിടെനിന്ന് ഓടിപ്പോകുന്നതും അതുകൊണ്ടാണ്. ആ കാലഘട്ടത്തിന്റെ

Digitized By Kerala Sahitya Akademi

അവസാനത്തോടുകൂടി എനിക്കു മുപ്പതു വയസ്സു തികയും; പിന്നെ നിയമപരമായ രീതിയിൽ എനിക്കവളെ വിവാഹം കഴിക്കാൻ സാധിക്കും. ഫ്യൂജി ഇപ്പോഴും നന്നെ ചെറുപ്പമാണ്. ഈ മൂന്നു കൊല്ലക്കാലത്തിനുള്ളിൽ സ്വന്തമായി ഒരു ജീവിതമാർഗ്ഗം സ്വീകരിക്കാൻ ഞാൻ സ്വയം പരിശീലനം നടത്തും. എന്തുകൊണ്ടാണ് ഞാൻ വിദേശങ്ങളിലേയ്ക്കു പോകുന്നതെന്ന് ഇപ്പോൾ നിനക്കു മനസ്സിലായിക്കാണും.' സംസാരം നിർത്തിയതോടുകൂടി, സ്വന്തം വികാരങ്ങളുടെ തള്ളിച്ചയിൽ അദ്ദേഹം പൊട്ടിക്കരഞ്ഞുപോയി. എനിക്കും അദ്ദേഹത്തോടൊപ്പം കരച്ചിൽവന്നു. പക്ഷേ അദ്ദേഹത്തോടുള്ള സഹതാപത്തിൽനിന്നായിരുന്നില്ല എനിക്കു കണ്ണീർ പൊടിഞ്ഞതു്. നേരെമറിച്ച് എനിക്ക് എന്റെപേരിൽത്തന്നെ തോന്നിയ അനുകമ്പകൊണ്ടാണ്. അനന്തരം അദ്ദേഹം ഫ്യൂജിയെ സൂക്ഷിച്ചുകൊള്ളണമെന്നുപറഞ്ഞ് എന്നെ ഭരമേല്പിച്ചു. താൻ നേരിട്ടവൾക്കു കത്തുകൾ അയയ്ക്കാൻ മുതിരുന്നില്ലെന്ന് അദ്ദേഹം എന്നോടു പറഞ്ഞു. ഒരു മദ്ധ്യസ്ഥന്റെ നിലയിൽ ഞാൻ പ്രവർത്തിക്കണമായിരുന്നു. ഞാൻ അങ്ങനെതന്നെ സമ്മതിച്ചു. അദ്ദേഹം എന്നോടു നന്ദി പറഞ്ഞു; അതെ, തീർച്ചയായും എനിക്കു നിഷ്പ്രയാസം നിർവ്വഹിക്കാവുന്ന ഒരു കാര്യമാണതെന്നായിരുന്നു അദ്ദേഹത്തിന്റെ വിശ്വാസം. പക്ഷേ, ഞാനാകട്ടെ അവരുടെ പ്രേമം എത്രമാത്രം ആനന്ദപ്രദവും ഗാഢവും പരിശുദ്ധവും സുന്ദരവുമാണെന്നു കണ്ടറിഞ്ഞു; ഒടുവിൽ അവരുടെ പ്രേമത്തിനായി എന്റെ സ്വാർത്ഥാഭിലാഷം പരിത്യജിക്കണമെന്നുതന്നെ ഞാൻ തീരുമാനിച്ചു. അങ്ങനെ ഒരു ത്യാഗംചെയ്യാൻ എനിക്കു സന്തോഷം തോന്നി. അതുമുതൽ അവളെ സ്നേഹിക്കുന്നതു് ഒരു പാപമാണെന്ന വിചാരം എന്റെ ഹൃദയത്തിൽ കടന്നുകൂടി. എന്നിരുന്നാലും എനിക്കതിന്റെ

Digitized By Kerala Sahitya Akademi

പ്രേരണയെ നിശ്ശേഷം അടക്കിനിർത്താൻ സാധിച്ചില്ല. അവളിൽനിന്നു വേർപിരിഞ്ഞു വിദേശങ്ങളിൽ ചുററിത്തിരിയുന്ന ചേട്ടന്റെ വിയോഗദുഃഖത്തേക്കാൾ നൂറിരട്ടി സങ്കടകരമായിരുന്നു ഒരുകാലത്തും അവൾ എന്റെ സ്വന്തമായിത്തീരില്ലെന്നുള്ള ബോധം.

ഒബയാഷി

ശരി............

ജീരോ

ഇതാ ഇപ്പോൾ എന്റെ അമ്മ ഇവിടെനിന്നിറങ്ങിപ്പോയതേയുള്ളു; അമ്മ എന്നോടു പറയുകയാണ് എന്റേയും ഫ്യൂജിയുടേയും പേരുകൾതമ്മിൽ കൂട്ടിച്ചേർത്തു വേലക്കാർ പല അപവാദങ്ങളും പറഞ്ഞുതുടങ്ങിയിരിക്കുന്നു എന്ന്. ഞങ്ങൾ രണ്ടുപേരും ഏറെനേരം ഒന്നിച്ചിരുന്നു സംസാരിക്കുന്നതാണത്രേ അതിനു കാരണം. അമ്മയ്ക്കുതന്നെ ഞങ്ങളിൽ വലിയ സംശയമുണ്ട്. പക്ഷേ, ഞങ്ങളെ അങ്ങനെ സംശയിക്കുന്നതു തികച്ചും സ്വാഭാവികമാണ്; അതുകൊണ്ടാണ് കൂടുതൽ വിഷമം. ഞങ്ങൾ ഫ്യൂജിയെ പിരിച്ചുവിടുകയാണ്.

ഒബയാഷി

ഹ്ം!

ജീരോ

അവളുടെ സമീപം വർത്തിക്കുന്നത് എന്നെസ്സംബന്ധിച്ചിടത്തോളം ആപല്ക്കരമാണ്. എന്നാൽ അവൾ ഇവിടെനിന്നു പോയിക്കഴിഞ്ഞാൽ അത്യന്തവിരസമായ ഒരേകാന്തതയായിരിക്കും എന്നെ വലയംചെയ്യുക. ഫ്യൂജിയെ ഇവിടെവിട്ടു വിദേശത്തേക്കു പോയപ്പോൾ ചേട്ടന് എത്രമാത്രം മനോവ്യഥ തോന്നിയിരിക്കണമെന്ന് ഇപ്പോൾ ഞാൻ മനസ്സിലാക്കുന്നു.

[വാതിലിന്മേൽ ഒരു മുട്ടു കേൾക്കുന്നു]

Digitized By Kerala Sahitya Akademi

മാനസാന്തരം
40435

ജിരോ

ആരത്?

ഫ്യൂജി (വെളിയിൽ)

ഫ്യൂജി

ജിരോ

അകത്തേയ്ക്കു കടന്നുവന്നോളൂ.

[ഫ്യൂജി കാപ്പിയുംകൊണ്ടു പ്രവേശിക്കുന്നു. അവൾ ഒബെയാഷിയെ വന്ദിച്ചിട്ടു ജിരോവിനോടു സംസാരിക്കുന്നു]

ഫ്യൂജി

കൊച്ചുങ്ങുന്നേ, ഞാൻ നാളെ രാവിലെ പോകുന്നു. അങ്ങയുടെ അച്ഛൻ ഇതാ ഇപ്പോൾ വന്നതേയുള്ളു; അദ്ദേഹം പറഞ്ഞു, ഇപ്പോൾത്തന്നെയുള്ള എന്റെ യാത്ര വളരെ പെട്ടെന്നായിപ്പോയി, അതുകൊണ്ടു നാളെ രാവിലെ പോകുന്നതാണ് നല്ലതെന്ന്. അങ്ങ് എന്നോടു വളരെ ഔദാര്യം കാണിച്ചിട്ടുണ്ട്. അങ്ങയുടെ കാരുണ്യം ഒരുകാലത്തും ഞാൻ മറക്കില്ല.

ജിരോ

അപ്പോൾ, ഇനിയും എനിക്കു നിന്നെ കാണാൻ കഴിയുമോ?

ഫ്യൂജി

ഉവ്വങ്ങുന്നേ.

ജിരോ

നിന്റെ മേൽവിലാസമെന്താണ്? കേൾക്കട്ടെ. ഞാൻ നിനക്കുതന്ന പുസ്തകത്തിനുള്ളിൽ ഒരു തുണ്ടുകടലാസ് ചേട്ടന്റെ മേൽവിലാസം എഴുതി ഞാൻ തിരുകിവെച്ചിട്ടുണ്ട്. ഏ

൪ *

Digitized By Kerala Sahitya Akademi

തായാലും നിൻെറ ഉപയോഗത്തിനു മേൽവിലാസം എഴുതിയ നാലഞ്ചു ലക്കോട്ടുകൾ ഞാൻ നിനക്കു തരാം.

[ഇതുകേട്ടു ഫ്യൂജി ലജ്ജാവിവൎണ്ണയായിത്തീരുന്നു]

ഫ്യൂജി

അമ്മയുടെ അച്ഛനും എന്നോട് പറയുകയുണ്ടായി, എന്നെ വേണ്ടപോലെ അദ്ദേഹം നോക്കിക്കൊള്ളാമെന്ന്—എവിടെയെങ്കിലും ഒരു നല്ല സ്ഥലത്തു താമസത്തിന് ഏൎപ്പാടു ചെയ്യാമെന്ന്.

ജിരോ

അച്ഛനങ്ങനെ പറഞ്ഞു, ങ്ഹേ? ഭേഷ്, ഏതായാലും നീയൊട്ടും കുണ്ഠിതപ്പെടണ്ട.

ഫ്യൂജി (പോകാൻ ഭാവിക്കുന്നു)

അങ്ങേയ്ക്കു വന്ദനം, അങ്ങുന്നേ.

ജിരോ

ഒബയാഷി ഇവിടെ ഇരിപ്പുണ്ടെന്നു ടോഷി-ചാനിനോടു പറഞ്ഞേയ്ക്കു.

ഫ്യൂജി

അങ്ങനെയാകാം അങ്ങുന്നേ.

[യവനിക]

Digitized By Kerala Sahitya Akademi

മൂന്നാമങ്കം

[ഒന്നാമങ്കത്തിലെപ്പോലെതന്നെ. ഒരാട്ടുകസേര യിൽ ഷൂസോ തനിച്ചിരിക്കുന്നു. അയാൾ ഒരു ചുരുട്ടു വലിച്ചുകൊണ്ടു പത്രവായന യാണ്. വാതിലിന്മേൽ ഒരു മുട്ടു കേൾ ക്കുന്നു.]

ഷൂസോ

അകത്തു വരു.

[ഫിറോക്കോ പ്രവേശിക്കുന്നു.

ഫിറോക്കോ

നിങ്ങൾക്കെന്താ വേണ്ടത്?

[അവൾ അയാൾക്കരികെ ഒരു കസേരയിൽ ഇരി ക്കുന്നു]

ഷൂസോ (അപ്പോഴും പത്രം വായിച്ചുകൊണ്ട്)

എനിക്കു നിന്നോട് അല്പം സംസാരിക്കാനുണ്ട്.

ഫിറോക്കോ

വളരെ പ്രധാനപ്പെട്ട വല്ലതുമാണോ?

ഷൂസോ

ഓ, അങ്ങനെ വിശേഷിച്ചൊന്നുമല്ല. ജീരോവിനെ സം ബന്ധിച്ചാണ്.

ഫിറോക്കോ

ജീരോവിനെക്കുറിച്ചോ! അയ്യോ! അതെന്നെ ഭയപ്പെടു ത്തുന്നു.

Digitized By Kerala Sahitya Akademi

ഷ്യസോ

നീയെന്തിനാ ഭയപ്പെടുന്നെ? (പത്രം താഴെ ഇടുന്നു)

ഹിറോക്കോ

മനശ്ശല്യമുണ്ടാക്കുന്ന അത്തരം കാര്യങ്ങൾ ചെയ്യുവാൻ അവൻ തികച്ചും പോന്നവനാ—അതുതന്നെ!

ഷ്യസോ

ഓ, അത്രയ്ക്കന്തംമറന്നുള്ള പ്രവൃത്തിക്കാരനല്ല അവൻ.

ഹിറോക്കോ

അല്ല; അവൻ അന്തം മറന്നു പ്രവത്തിക്കുന്നവനാണെന്നു തീർത്തുപറഞ്ഞുകൂടാ. പക്ഷേ, എന്തെങ്കിലുമൊരു കാര്യം ചെയ്യണമെന്നു മനസ്സിലുറച്ചാൽ, അവൻെറ ജീവൻ പോയാലും വേണ്ടില്ല, അവനതു ചെയ്തേ അടങ്ങൂ.

ഷ്യസോ

നീ പറഞ്ഞതു ശരിതന്നെ; പക്ഷേ ആളൊരു സരസനാണവൻ. അപഥത്തിൽ അകപ്പെടാതിരുന്നാൽ ഒരിക്കൽ അവൻ ഒരു മഹാനായിത്തീരും.

ഹിറോക്കോ

വീട്, കുടുംബം, ഇതൊന്നും അവനത്ര കാര്യമാക്കിയിട്ടില്ല.

ഷ്യസോ

അതു പരമാത്ഥം. എന്നെ അവൻ ഗൗനിക്കുന്നേ ഇല്ല; അതു ഈശ്വരനറിയാം. ഞാൻ കിഴവനും മഠയനും എല്ലാം തന്നിഷ്ടംപോലെ ചെയ്യുന്നവനും ആണെന്നാണ് അവൻെറ വിചാരം.

ഹിറോക്കോ

പിന്നേയ്, അങ്ങനെയവൻ വിചാരിക്കുന്നുണ്ടോ എന്നു ഞാൻ സംശയിക്കുന്നു.

Digitized By Kerala Sahitya Akademi

ഷ്വസോ

ഉൗഊംംം! ഉവ്വ്, അവനങ്ങനെ വിചാരിക്കുന്നുണ്ട്. എന്നേക്കാൾ മനക്കരുത്തുള്ളവനാണവൻ; തലച്ചോറും അവനെന്നേക്കാൾ കൂടുതലുണ്ട്. അവൻ അളക്കാനാകാത്ത ആഴമുള്ളവനാണ്. അവൻെറ മട്ടും മാതിരിയും നമ്മെ കലികൊള്ളിക്കുന്നു; അവനോ, നമ്മളോടനുകമ്പയാണുണ്ടാവുന്നത്.

ഹിറോക്കോ

നിങ്ങൾ വാസ്തവത്തിൽ അങ്ങനെ വിചാരിക്കുന്നോ?

ഷ്വസോ

തീർച്ചയായും. സ്വപ്രയത്നംകൊണ്ട് ഇങ്ങനെയൊരു നിലയിൽ എത്തിച്ചേർന്നവനാണ് ഞാൻ; എൻെറ മാർഗ്ഗത്തിൽ എനിക്കു മല്ലിട്ടുതന്നെ മുന്നോട്ടു പോകേണ്ടിയിരുന്നു. പക്ഷേ ജീരോവിൻെറ നിലയതല്ല. അവനെ ലാളിച്ചുവളർത്തിയതാണ്. അല്ലലെന്തെന്നറിയാത്ത ഒരു സുഖജീവിതമാണ് അവൻ നയിച്ചുപോന്നത്. അതുകൊണ്ടാണെനിക്കു മനസ്സിലാക്കാൻ സാധിക്കാത്തത്, എങ്ങനെയാണവൻ ഇത്ര മനക്കരുത്തുള്ളവനായിത്തീർന്നതെന്ന്.

ഹിറോക്കോ

താരോ വിദേശത്തേയ്ക്കു പോയതുമുതൽ എങ്ങനെയോ ഒരു വലിയ മാററം അവനുണ്ടായിട്ടുണ്ട്.

ഷ്വസോ

ഈയിടെ അവൻ വളരെ വിഷണ്ണനും വല്ലാത്തൊരു മുരട്ടുവാശിക്കാരനുമായിത്തീർന്നിട്ടുണ്ടെന്ന് എനിക്കു തോന്നുന്നു.

ഹിറോക്കോ

താരോ തിരിച്ചുവന്നാൽ അവൻെറ ഈ പ്രകൃതം മാറിപ്പോകുമെന്നു നിങ്ങൾ വിചാരിക്കുന്നില്ലേ?

Digitized By Kerala Sahitya Akademi

ഷൂസോ

ഇല്ല; എനിക്കങ്ങനെ തോന്നുന്നില്ല. അവനായിരിക്കും താരോവിന്റെ മേൽക്കോയ്മ. താരോവിനു കരുത്തുള്ള വികാരങ്ങളുണ്ട്; പക്ഷേ അവന്റെ മനക്കരുത്തു ജിരോവിന്റേതിനേക്കാൾ വളരെ താഴെയാണ്. സ്ത്രീകൾക്കിരയായിത്തീരുന്നതിനേക്കാൾ ആപൽക്കരമായ എന്തെങ്കിലും ചെയ്യാൻ അവനു പ്രാപ്തിയുണ്ടോ എന്നു ഞാൻ ശങ്കിക്കുന്നു.

ഹിറോക്കോ

സ്ത്രീകൾ ഒരാപത്താണെന്ന നിലയ്ക്കാണോ നിങ്ങൾ തരംതിരിക്കുന്നത്? ങ് ഹേ?

ഷൂസോ

ഞാൻ ചുമ്മാ തമാശ പറഞ്ഞതാണ്. എങ്ങിനെയായാലും താരോവിന്റെ കാര്യത്തിൽ വലിയ ആശങ്കയ്ക്കൊന്നും വഴിയില്ല. അവൻ വേണ്ടപോലായിക്കൊള്ളും. അവൻ പൊട്ടനൊന്നുമല്ല.

ഹിറോക്കോ

ഇങ്ങനെയുള്ള തമാശപറച്ചിലൊന്നും എനിക്കത്ര ഇഷ്ടമൊന്നുമല്ല.

ഷൂസോ

ആട്ടെ, എനിക്കു ജിരോവിനെക്കുറിച്ചു നിന്നോടു പറയാനുള്ളതെന്താണെന്നറിയാമോ?—ഫ്യൂജിയെ സംബന്ധിക്കുന്നതാണത്.

ഹിറോക്കോ

ഫ്യൂജിയെ സംബന്ധിക്കുന്നതോ? ശരി, തീർച്ചയായും ആയിരിക്കയില്ല.

ഷൂസോ

നിനക്കങ്ങനെ തോന്നുന്നില്ലേ? എന്നാലിതാ ചെവിവട്ടംപിടിച്ചുകേട്ടോളൂ! ഇന്നു ഫ്യൂജിയുടെ അച്ഛൻ എന്നെ

Digitized By Kerala Sahitya Akademi

കാണാൻ വന്നു. അയാളുടെ കുടുംബത്തിലുള്ളവരെല്ലാംകൂടി തീരുമാനിച്ചുറച്ച മനുഷ്യനെ കല്യാണം കഴിക്കാൻ ഹ്യൂജിക്കു സമ്മതമില്ലത്രേ. ജീറോ അതിനെല്ലാമടിയിലുണ്ടെന്നാണു് എനിക്കു തോന്നുന്നതു്. രണ്ടാഴ്ചയ്ക്കുമുമ്പു് ഒരു ദിവസം ഹ്യൂജിയെ കാണാനായി ജീറോ അവളുടെ വീട്ടിൽ പോയിട്ടുണ്ടായിരുന്നു വെന്നുള്ള വർത്തമാനവും എന്റെ ചെവിട്ടിലെത്തിയിട്ടുണ്ടു്.

ഹിറോക്കോ

അവളുടെ അച്ഛൻ അക്കാര്യം നിങ്ങളോടു പറഞ്ഞോ?

ഷുറോ

ഇല്ല. അയാൾ അതെന്നോടു പറഞ്ഞില്ല. ഞാൻ എന്താണുദ്ദേശിക്കുന്നതെന്നു നിനക്കറിയാമോ? അയാളും ജീറോവും ഒത്തുചേർന്നാണു് ഈ പണിയെല്ലാം പണിയുന്നതു്—അവർ എനിക്കെതിരായി എന്തൊക്കെയോ കുസറാക്കൊള്ളികൾ കളിക്കുന്നുണ്ടു്. പുള്ളിയെ പിടികൂടാമെന്നു കരുതി ഞാൻ അയാളുടെ അടുത്തു് ഒരു മിടുക്കുവിദ്യ എടുത്തുനോക്കി. അയാളുടെ വീട്ടിൽ വലിയ സല്ക്കാരത്തോടുകൂടി ജീറോവിനെ സ്വീകരിച്ചതിൽ ഞങ്ങൾക്കു വലിയ സന്തോഷമുണ്ടെന്നു ഞാൻ തട്ടിവിട്ടു. ഉടനെ അയാൾ പറയുകയാണു്: 'ഷേരയ്, ഒരിക്കലും അങ്ങനെ ഉണ്ടായിട്ടില്ല. ആരും വിചാരിച്ചിരിക്കാതെ അത്ര യാദൃച്ഛികമായിട്ടാണു് കക്ഷി അവിടെ കടന്നു വന്നതു്. ഞങ്ങൾതന്നെ അത്ഭുതപ്പെട്ടു പോയി.' അക്കഥ അങ്ങനെ. അതു പോട്ടെ, വേറൊന്നുകൂടി എനിക്കു നല്ല നിശ്ചയമുണ്ടു്. ഏതാണ്ടു് ഒരു രണ്ടാഴ്ചയ്ക്കുമുമ്പു് ഒരുദിവസം ഹ്യൂജിയുടെ കല്യാണകാര്യത്തെക്കുറിച്ചു ഞാൻ നിന്നോടു് ഓരോന്നു പറയുകയുണ്ടായില്ലേ; അതു മുഴുവൻ കുട്ടൻ പതുങ്ങിനിന്നു കേൾക്കുകയായിരുന്നു. അന്നുതന്നെ എനിക്കതു തോന്നി. അതുകൊണ്ടാ-

Digitized By Kerala Sahitya Akademi

ഞ് പിറേറദിവസം നിന്നോട ഞാൻ ചോദിച്ചത്, ജീരോ എവിടെപ്പോയിരിക്കയാണെന്ന്.

ഫിറോക്കോ

നിങ്ങൾ എന്തിനും ബഹുസാമത്ഥ്യക്കാരനാണ്, തിച്ച തന്നെ.

ഷുരേസാ

ജിരോ പിൻെറ മേൽ സദാ ഞാൻ കക്കശമായ ഒരു ദൃഷ്ടി പതിപ്പിച്ചുകൊണ്ടിരിക്കയാണ്; എന്തുകൊണ്ടെന്നാൽ അവൻെറ ഭാവിയിലാണ്, താരോവിൻേറതിനേക്കാൾ, എനിക്ക് താല്പയ്യമധികമുള്ളത്.

ഫിറോക്കോ

കൂടുതൽ ആശ്രയിക്കേണ്ടതായിട്ടുള്ളതു താരോ ആണ്.

ഷുരേസാ

ആയിരിക്കാം. ഒന്നു ഞാൻ സമ്മതിക്കുന്നു. എൻെറ കാലശേഷം എൻെറ സ്ഥാനത്തെത്തുന്നതു ജീരോ ആയിരുന്നെങ്കിൽ, സംശയമില്ലാ, സകല സാംഗതികളും അവതാളത്തിലേ കലാശിക്കു. അതുപോട്ടെ ഞാൻ പറഞ്ഞുവന്ന കഥ അവസാനിപ്പിക്കാം. ഫ്യൂജിയുടെ കല്യാണത്തെക്കുറിച്ച വേണ്ടവിധത്തിലൊക്കെ പറഞ്ഞു കായ്യങ്ങളെല്ലാം ശരിപ്പെടുത്താൻ ഞാൻ പറഞ്ഞയച്ച മനുഷ്യനുണ്ടല്ലോ, ഓത്താ—ഞാൻ അയാളോട ചോദിച്ചു, അവളുടെ കുടുംബത്തിലുള്ളവരുടെ അഭിപ്രായമെന്താണെന്ന്. അവർ അക്കായ്യത്തിൽ യാതൊരത്ഭുതമോ താല്പയ്യമോ പ്രദശിപ്പിച്ചില്ലത്രേ. എല്ലാം കേട്ടിട്ടും അവരിൽ ഒരു ഭാവഭേദവും കണ്ടില്ലെന്നയാൾ പറഞ്ഞു. അതിൻെറ അത്ഥം ആദ്യംതന്നെ ജിരോ അവിടെ ചെന്നിരുന്നു എന്നാണ്. പിന്നിടൊരിക്കൽ, ഫ്യൂജി കല്യാണം കഴിക്കാൻ സമ്മതിച്ചില്ലെന്നു ജിരോവിൻെറ മുമ്പിൽ വെച്ചു ഞാൻ പ്രസ്താവിക്കയുണ്ടായി;

Digitized By Kerala Sahitya Akademi

എന്റെനേക്കുള്ള പരിഹാസംകൊണ്ടു ചിരി അവന്റെ ഉള്ളിലങ്ങനെ നിറഞ്ഞുപൊട്ടുകയാണെന്നു ഞാൻ മനസ്സിലാക്കി; പക്ഷേ അപ്പോൾ അവിടെവെച്ച് അവനുമായിട്ട് ഒരു അഭിനയരംഗമുണ്ടാകേണ്ട എന്നു കരുതി, ഞാൻ അതറിയാത്ത ഭാവം നടിച്ചുകളഞ്ഞു. അനുസരണയില്ലാത്ത അസത്തു്! ഫ്യൂജിയെ കാണാൻ പോവില്ലെന്നു നിന്നോട് അവൻ വാക്കുപറഞ്ഞിട്ടുണ്ടെന്നായിരുന്നു എന്റെ വിചാരം.

ഫിറോക്കോ

അങ്ങനെതന്ന്യാ അവൻ വാക്കുപറഞ്ഞേക്കണേ.

ഷൂസോ

നിനക്കു നല്ല തീർച്ചയാണോ?

ഫിറോക്കോ

തീർച്ചതന്നെ. അവനോടുള്ള എന്റെ വാക്കു ഞാൻ പരിപാലിക്കുന്നപക്ഷം ഒരിക്കലും അവളെപ്പോയി കാണില്ലെന്ന് എന്നോടവൻ വാഗ്ദാനം ചെയ്തിട്ടുണ്ട്.

ഷൂസോ

അതു രസമായിരിക്കുന്നു. ഞാൻ അവനെ വരുത്തി ഒരു കുററവിസ്താരം നടത്താൻ പോവുകയാണ്. ഒരു സാക്ഷിയായി നിന്നെ എനിക്കിവിടെ ആവശ്യമുണ്ട്. ഒന്ന് ഓർമ്മവേണം. വിസ്താരഭാഗത്താണ്, പ്രതിഭാഗത്തല്ല നീ നിൽക്കേണ്ടത്. വളരെ മുശടനായ ഒരു കക്ഷിയാണവൻ.

ഫിറോക്കോ

ശരി, അങ്ങനെതന്നെ.

[ഷൂസോ മേശപ്പുറത്തു് ഒരു ബട്ടൻപിടിച്ചമർത്തുന്നു. ഒരു വേലക്കാരി പ്രവേശിക്കുന്നു]

ഷൂസോ

എനിക്ക് ഒന്നു കാണണം—അതുകൊണ്ടിങ്ങോട്ടു വരാൻ പറ ജീരോവിനോട്.

Digitized By Kerala Sahitya Akademi

വേലക്കാരി

അങ്ങനെയാവാം, എമാനേ.

[വേലക്കാരി പോകുന്നു]

ഷ്വസോ

അവൻെറ കാൽച്ചുവട്ട കണ്ടുപിടിച്ചു നാം അവനെ പിൻതുടൎന്നു പിടികൂടാനെത്തുന്നുണ്ടെന്ന് അവൻ അറിഞ്ഞുകഴിഞ്ഞു.

ഫിറോക്കോ

ഫേയ്, അങ്ങനെ തോന്നുന്നില്ല.

ഷ്വസോ

പക്ഷേ ഫ്യൂജിയുടെ അച്ഛൻ എന്നെ കാണാൻ ഇവിടെ വന്നതവനറിയാം.

[വാതിൽക്കൽ ഒരു മുട്ട്]

ഷ്വസോ

ആരത്?

ജിരോ (വെളിയിൽ)

അകത്തേയ്ക്കു വരു.

[ജിരോ ശാന്തമായി പ്രവേശിക്കുകയും അമ്മയുടെ അടുത്ത് ഒരു കസേരയിൽ ഇരിക്കുകയും ചെയ്യുന്നു]

ജിരോ

എന്താണച്ഛനാവശ്യപ്പെടുന്നത്?

ഷ്വസോ

നിനക്കറിഞ്ഞുകൂടേ, എന്താണ് ഞാനാവശ്യപ്പെടുന്നതെന്ന്?

ജിരോ

ശരി, പക്ഷേ എനിക്കറിയാമെന്നു ഞാൻ വിചാരിക്കുന്നു.

Digitized By Kerala Sahitya Akademi

ഷ്വസോ

അങ്ങനെ ഒരു വിചാരം നിനക്കുണ്ടാക്കുന്ന സംഗതി എന്താണ്?

ജീരോ

ഫ്ലൂജിയുടെ പിതാവിൽനിന്നു കേട്ട ഒരു സംഗതി. പോരെങ്കിൽ അച്ഛന്റെ നില വളരെ പരുഷമായ മട്ടിലാണ്; അതുകൊണ്ടു് എനിക്കും പരുഷമായ ഒരു നിലതന്നെ സ്വീകരിക്കേണ്ടിവന്നിരിക്കുന്നു.

ഷ്വസോ

എനിക്ക് ഒട്ടുവളരെ കാര്യങ്ങൾ നിന്നോടു പറയാനുണ്ട്. പക്ഷേ, ഒന്നാമതായി ഇതറിയട്ടെ: എന്തിനാണ് ഫ്ലൂജിയുടെ കല്യാണക്കാര്യത്തിൽ നീ വന്നു തലയിട്ടതു്?

ജീരോ

അത്രത്തോളം ഞാൻ പോയില്ല. ഞാൻ ചുമ്മാ അവളുടെ അച്ഛനെ ഒന്നു കാണാൻ പോയി. അത്രയേ ഉള്ളു.

ഷ്വസോ

അയാളെക്കൊണ്ടതിൽ തലയിടുവിച്ചു കലക്കമുണ്ടാക്കാൻ, ങ്ഹേ?

ജീരോ

പക്ഷേ അങ്ങനെയായിരിക്കാം—ഫ്ലൂജിയിൽ എനിക്ക് അത്ര പരിപൂർണ്ണവിശ്വാസമുണ്ടെങ്കിലും, സംഗതിയുടെ മർമ്മം ഇതാണ്, അവളുടെ പിതാവ് അവളോടോരോന്നാജ്ഞാപിച്ചു പ്രവർത്തിപ്പിക്കാൻ ഉദ്യമിച്ചാൽ അതു വലിയ വിഷമത്തിലേ കലാശിക്കൂ എന്നു ഞാനറിഞ്ഞു; അതുകൊണ്ടു് അവളുടെ വശത്തേയ്ക്ക് അയാളെ നേടിക്കൊണ്ടുവരുന്നതിലേയ്ക്കാണ് ഞാൻ പോയതു്.

Digitized By Kerala Sahitya Akademi

ഷൂസോ

അതു ബഹു വിചിത്രമായ ഒരു സംസാരരീതിതന്നെ! അവളിൽ നിനക്കു പരിപൂർണ്ണമായ വിശ്വാസമുണ്ടെന്നു പറയുമ്പോൾ, നീയതുകൊണ്ടർത്ഥമാക്കുന്നതെന്താണ്?

ജിരോ

ഓ, അതു മനസ്സിലാക്കാൻവേണ്ട സാമർത്ഥ്യം അച്ഛനില്ല. ഫ്യൂജി ഒരാളുമായി ഗാഢമായ പ്രണയത്തിലാണ്; അയാളും അവളെ സ്നേഹിക്കുന്നു. നിങ്ങളൊക്കെക്കൂടി ചട്ടംകെട്ടിയ ഈ കല്യാണത്തിന്നു് അവൾ വഴിപ്പെടുകയില്ലെന്നു ഞാനറിഞ്ഞു. അതുകൊണ്ടു് അവളുടെ നിരസനം അവളെസ്സംബന്ധിച്ചിടത്തോളം കഴിയുന്നതും എളുപ്പമാക്കിത്തീർക്കേണ്ട ആവശ്യം എനിക്കുണ്ടായിരുന്നു.

ഷൂസോ

അവളെ സ്നേഹിക്കുന്ന ആൾ ആരാണ്?

ജിരോ

അച്ഛനോടതു പറയാൻ എനിക്കു സാദ്ധ്യമല്ല.

ഷൂസോ

ഏതായാലും ആ പുള്ളി നീയാവാൻ വഴിയില്ല, ഉവ്വോ? (പുഞ്ചിരിയിടുന്നു) അഥവാ ആണെങ്കിൽ, ഒന്നു പറഞ്ഞേക്കാം, നിങ്ങൾ രണ്ടുപേർക്കും ആത്മഹത്യ ചെയ്യേണ്ടതായിവരും.

ജിരോ

അച്ഛൻ വാസ്തവത്തിൽ വിചാരിക്കുന്നുണ്ടോ അതു ഞാനാണെന്നു്? അതുപോലെതന്നെ, കുടുംബത്തിന്റെ പേരു്, മാമൂലിന്റെ ചട്ടങ്ങൾ ഇവയെക്കുറിച്ചും അച്ഛനിപ്പറയുംപോലത്ര കാര്യമായി അച്ഛൻ വിചാരിക്കുന്നുണ്ടോ?

ഹിരോകോ

ജിരോ, എന്താണു് നീയിപ്പറയുന്നതു്? ഇതിന്നു് എങ്ങനെ നീ ധൈര്യപ്പെട്ടു? ആ പറഞ്ഞതു നീ ഒന്നുകൂടി പറ!

Digitized By Kerala Sahitya Akademi

ജിരോ

അച്ഛൻെറ ഇഷ്ടംപോലെ ഞാൻ വേണെങ്കിൽ ആയിരം പ്രാവശ്യം അതാവൎത്തിച്ചാവൎത്തിച്ചു പറയാം. പ്രണയത്തിൻെറ അഗാധങ്ങളിൽ അത്രമാത്രം അഭേദ്യമായ തരത്തിൽ കെട്ടുപിണഞ്ഞുവൎത്തിക്കുന്ന രണ്ടാത്മാക്കളെ ഭേദിച്ചുകററാൻ അച്ഛനു മനസ്സു വരുമോ? അവർ ആത്മഹത്യ ചെയ്യുമോ ഇല്ലയോ എന്നു ഖണ്ഡിതമായിപ്പറയുവാൻ എനിക്കു സാദ്ധ്യമല്ല. എങ്കിലും യാതൊരു രണ്ടാംതരം പ്രാധാന്യമേ ആ സംഗതിക്കുള്ളു. പക്ഷേ മാമൂലുകളോടും നാട്ടാചാരങ്ങളോടും അച്ഛനു യഥാൎത്ഥത്തിൽ ഭയമുണ്ട്; അതിനാൽ ആ പേടിമൂലം അങ്ങവരെ വേർപെടുത്തുമോ?

ഹിറോക്കോ

സമുദായത്തിൻെറ വിമൎശനത്തെ നിനക്കു ഭയമില്ലെന്നാണോ നീയതുകൊണ്ടൎത്ഥമാക്കുന്നത്?

ജിരോ

ലവലേശമില്ല. അതിനെ എനിക്കു ഭയമുണ്ട്; പക്ഷേ മനുഷ്യജീവിതത്തെ നാശപ്പെടുത്തിക്കളയുന്നതിലാണ് എനിക്ക് അതിനേക്കാൾ വളരെയധികം ഭയം.

ഹിറോക്കോ

എന്തൊരു മനുഷ്യപ്പററില്ലാത്ത കുട്ടിയാണ് നീ! നിൻെറ അച്ഛനമ്മമാൎക്ക് അപമാനം വരുത്താനാണ് നീ ജനിച്ചത്!

ജിരോ

അല്ലാ, അമ്മേ. ഞാൻ ജനിച്ചതെന്തിനാണെന്ന് എനിക്കറിഞ്ഞുകൂടാ; അതു ഞാൻ സമ്മതിക്കാം; എങ്കിലും എനിക്കു തോന്നുന്നു അമ്മ പറഞ്ഞ ആ കാൎയ്യത്തിനല്ല ഞാൻ ജനിച്ചതെന്ന്. അതെ; എൻെറ മാതാപിതാക്കളുടെ മാനം നശിപ്പിക്കുകയെന്ന നിഷ്പ്രയാസമായ അത്തരം ഒരു കാൎയ്യത്തിനുമായിട്ടല്ല;

Digitized By Kerala Sahitya Akademi

തിച്ച്! അതിനേക്കാൾ എത്രയോ വിഷമകരമായിട്ടുള്ളതാണ് എന്റെ ജോലി.

ഫിറോമേക്കാ

ജിരോ, നി മിണ്ടാതിരി! നി വളരെയധികം ... പോകുന്നു.

ജീരോ

അമ്മേ!

ഫിറോമേക്കാ

ഞാൻ നിന്നെ കാണുമ്പോൾ നട്ടങ്ങിപ്പോകുന്നു!

ജിരോ

അമ്മേ!

ഫിറോമേക്കാ

ഞാൻ നിന്റെ അമ്മയുമല്ല, നീയെന്റെ കുട്ടിയുമല്ല. തോന്നിയപോലെ പൊയ്ക്കോ—നിന്റെ ഇഷ്ടംപോലെ വായിൽ തോന്നിയതൊക്കെപ്പറഞ്ഞോ!

ഷ്വേസോ (ഫിറോമേക്കാവിനോട്)

മിണ്ടാതിരിക്ക! ഫ്യൂജിയെ അവനു കല്യാണം കഴിക്കണമെന്ന് അവൻ പറഞ്ഞില്ലല്ലോ. (ജിരോവിനോട്) നമ്മുടെ കുടുംബത്തിന്റെ പേര് എത്രമാത്രം പരിശുദ്ധമാണെന്നോ, പൊതുജനാഭിപ്രായം എത്രമേൽ പ്രാധാന്യമർഹിക്കുന്നതാണെന്നോ നിനക്കറിഞ്ഞുകൂടാ. നിന്റെ ഈ കാട്ടുപിടിച്ച വർത്തമാനത്തിൽ എനിക്കു ലവലേശം ഭയമില്ല. ഒരു പെണ്ണിനുവേണ്ടി തന്നത്താൻ ചത്തൊടിയുന്ന ഒരു മരമണ്ടൂസനെക്കൊണ്ടു നമുക്കോ ലോകത്തിനോ എന്തു പ്രയോജനം? പിന്നേയ്, ഇങ്ങോട്ടു നോക്കിയേ, ജിരോ! ഞാൻ ചോദിക്കുന്നതിനു സമാധാനം പറഞ്ഞോ!— ആട്ടെ, ഫ്യൂജിയെ ഞങ്ങൾ ഇവിടെനിന്നു പിരിച്ചുവി

Digitized By Kerala Sahitya Akademi

ട്ടപ്പോൾ അവളുമായി ഒരിക്കലും ഒരു കത്തിടപാടും നടത്തുകയില്ലെന്നു നീ നിൻെറ അമ്മയ്ക്കു വാക്കുകൊടുത്തതു സത്യമല്ലേ?

ജീരോ

അതെ, അതു സത്യമാണ്. അതുകൊണ്ടാണല്ലോ ഞാൻ അവളുമായി യാതൊരു കത്തിടപാടുകളും നടത്തായിരുന്നതു്.

ഷൃസോ

നീയങ്ങനെ ചെയ്തിട്ടില്ലെന്നു നിനക്കു തീർത്തുപറയാമോ?

ജീരോ

തീർച്ചയായും. ഞാൻ ഒരിക്കലും അങ്ങനെ ചെയ്തിട്ടില്ല. ഒരുദിവസം, രണ്ടോമൂന്നോ കൊല്ലം കഴിഞ്ഞു്, അന്നവളുടെ ഭർത്താവായിത്തീരുന്ന മനുഷ്യൻ എൻെറ നിരപരാധിത്വം ശരിക്കു തെളിയിക്കും.

ഷൃസോ

നീയപ്പോൾ യാതൊരു കത്തിടപാടുകളും നടത്തിയിട്ടില്ല. ശരി, അങ്ങനെയാകട്ടെ. സമ്മതിച്ചു. പക്ഷേ നീ നിൻെറ അമ്മയോട് ഒരിക്കലും ഫ്ലൂരിയെക്കാണാൻ പോവില്ലെന്നും അതുപോലെതന്നെ വാക്കുപറഞ്ഞിട്ടുണ്ടു്.

ജീരോ

ഉവ്വ്; ഞാനങ്ങനെ വാക്കു പറഞ്ഞു.

ഷൃസോ

പക്ഷേ നീ അവളെച്ചെന്നു കാണുകയുണ്ടായില്ലാ!—ഉണ്ടല്ലേ?

ജീരോ

ഉവ്വ്; ഞാൻ അവളെ കാണുകയുണ്ടായി!

ഷൃസോ

ങ് ഹാ! എന്തിനായിരുന്നു?

Digitized By Kerala Sahitya Akademi

ജീരോ

പറയാം. ഞാൻ അവളുടെ വീട്ടിൽപ്പോയി. അവൾ അവിടെ ഉണ്ടായിരുന്നു. അങ്ങനെ അവളെ കണ്ടുമുട്ടാതിരിക്കാൻ നിവൃത്തിയില്ലാത്ത ഒരു പതനം വന്നുകൂടി. പക്ഷേ ആ ഉദ്ദേശത്തോടുകൂടിയല്ല ഞാനവിടെ പോയത്. അമ്മയോടുള്ള എന്റെ വാഗ്ദാനത്തിന്റെ സാരാംശത്തെ ഞാൻ ഭേദിച്ചിട്ടില്ല. ഇപ്പോഴും ഞാനങ്ങനെ പ്രവർത്തിച്ചിട്ടുണ്ടെന്നാണ് അച്ഛനു തോന്നുന്നതെങ്കിൽ, ദയവുചെയ്ത് എനിക്കു മാപ്പുതരൂ!

ഷൂസോ

അതിനെനിക്കു മാപ്പുതരാൻ കഴിഞ്ഞേക്കാം. പക്ഷേ ഇതു പറഞ്ഞേ!—ഫ്യൂജി ഒരു മോഹനിയാട്ടക്കാരിയായിത്തീരുന്നെങ്കിൽ നീയതത്ര കാര്യമാക്കുകയില്ല; എന്താ, ഉവ്വോ?

ജീരോ

അച്ഛാ! എന്റെ പ്രവൃത്തികളെ ആധാരമാക്കി അച്ഛൻ ഫ്യൂജിയെ ശിക്ഷിക്കാൻ പോകുന്നില്ല! എന്റെ നിരപരാധിതത്തെക്കുറിച്ച് അമ്മയ്ക്കു ബോദ്ധ്യംവരാൻ വേണ്ടി എനിക്കാ വാഗ്ദാനങ്ങളെല്ലാം ചെയ്യേണ്ടിവന്നു. ഞാൻ ഒരിക്കലും അതു ചെയ്യേണ്ടിയിരുന്നില്ല!

ഷൂസോ

നീ നിനക്കുള്ള ശിക്ഷ സ്വീകരിക്കുവാൻ തയ്യാറാണ്; അല്ലേ?

ജീരോ

ഞാൻ അഹ്വിക്കുന്നതാണ് അതെങ്കിൽ.

ഷൂസോ

ശരി........എന്നാൽ, നീ ഒരിക്കലും ഫ്യൂജിയുടെ ഭർത്താവായിത്തീരില്ല!

Digitized By Kerala Sahitya Akademi

ജീരോ

അയ്യോ, കഷ്ടം! അച്ഛൻതന്നെ അങ്ങനെ ആകണമെന്ന് ആവശ്യപ്പെട്ടാലും ഞാൻ അവളുടെ ഭർത്താവായിത്തീരില്ല. ഒ ന്നാമതായി ഫ്യൂജിക്ക് എന്നെ ഭർത്താവായിട്ടാവശ്യമില്ല.

ഫിറോക്കോ

എന്തു്, അവൾക്കാവശ്യമില്ലേ? നീ തഞ്ചത്തിലൊഴിഞ്ഞു മാറി 'മര്യാദരാമ'നാവാൻ വേണ്ടിപ്പറയുന്നതല്ലേ അതു്?

ജീരോ

അമ്മേ, അമ്മയ്ക്കു് എപ്പോഴും വലിയ സംശയമാണ്!

ഷൂസോ

അവൾക്കു നിന്നെ വിവാഹം കഴിക്കേണ്ട ആവശ്യമില്ലെ ന്നു നിനക്കു നിശ്ചയമാണോ?

ജീരോ

അതെ, എനിക്കു തീർച്ചയാണ്.

ഷൂസോ

തികച്ചും തീർച്ച?

ജീരോ

തികച്ചും.

ഷൂസോ

ഒരു പുരുഷനായിട്ടാണ് നീയെൻെറ മുമ്പിൽ വാക്കുപറ യുന്നതു്.

ജീരോ

പക്ഷേ, ഒരു സ്ത്രീയെ എന്നപോലെ അച്ഛൻ എന്നെ അ വിശ്വസിക്കുന്നു.

ഷൂസോ

നിൻെറ പെരുമാററം ബഹു വിചിത്രമായ രീതിയിലായി രുന്നു.

Digitized By Kerala Sahitya Akademi

ജീരോ

എങ്ങനെ?

ഷൂസോ

ഒന്നാമതായി നീ ഫ്യൂജിയുടെ വീട്ടിലേയ്ക്ക് ഒരു പ്രത്യേക സക്കിട്ട പോയി. രണ്ടാമതായി, ഫ്യൂജിയെ സ്നേഹിക്കുന്നുവെന്നു പറയുന്ന ആ ആളിന്റെ പേർ നീ ഞങ്ങളിൽനിന്നും മറച്ചുവെച്ചു. മൂന്നാമതായി രണ്ടുപേരും ഒത്തൊരുമിച്ചുള്ള ഒരാത്മഹത്യയിൽ നീ ഉൾപ്പെടേണ്ടിവരുമെന്നു ഞാൻ പറഞ്ഞപ്പോൾ നിനക്കു കലി വന്നു.

ജീരോ

ആദ്യത്തെ ആരോപണത്തിനുള്ള സമാധാനം ഞാൻ അച്ഛനോട് വിവരിച്ചു പറഞ്ഞുകഴിഞ്ഞു. രണ്ടാമത്തേതിനെസ്സംബന്ധിച്ചാണെങ്കിൽ, എനിക്കങ്ങനെ ചെയ്യാതെ നിവൃത്തിയില്ലാത്ത ഒരു നിലയിലാണ് ഞാൻ. എന്തുകൊണ്ടെന്നാൽ, ആ മനുഷ്യന്റെ പേർ വെളിപ്പെടുത്താൻ എനിക്ക് അയാളിൽ നിന്നനുമതി കിട്ടിയിട്ടില്ല. എന്റെ പേരിലുള്ള ഒടുവിലത്തെ കുററാരോപണത്തിനു ഞാൻ സമാധാനം പറയാം. എനിക്കു ദേഷ്യം വന്നു. ശരിയാണ്. അച്ഛൻ എത്രമാത്രം ക്രൂരനാണെന്നും, ഞാനായിരുന്നു അച്ഛന്റെ സ്ഥാനത്തെങ്കിൽ എത്ര വ്യത്യസ്തമായ രീതിയിലായിരിക്കും ഞാൻ സംഗതികളെ വീക്ഷിക്കുന്നതെന്നും ഉള്ള ചിന്തയാണ് എന്നെ കുപിതനാക്കിയത്. ഇങ്ങനെയൊരു കാര്യത്തിൽ ചുമ്മാ ചെന്നു തലയിട്ട് ഇത്രമാത്രം മനശ്ശല്യം വലിച്ചുവെയ്ക്കാനൊരുമ്പെട്ട അച്ഛന്റേയും അമ്മയുടേയും ബുദ്ധിശൂന്യതയിൽ എനിക്ക് അനുകമ്പ തോന്നി.

ഷൂസോ

ഫ്യൂജിയെ വിവാഹം കഴിക്കാൻ നിന്നെ ഞങ്ങൾ അനുവദിക്കുമെന്നാണോ ഇപ്പോഴും നിന്റെ സങ്കല്പം?

Digitized By Kerala Sahitya Akademi

ജിരോ

അല്ല; നിങ്ങൾക്ക് അത്രത്തോളം ഹൃദയവിശാലതയും സൗജന്യബുദ്ധിയുമുണ്ടെന്ന് ഒരിക്കലും ഞാൻ സംശയിച്ചിട്ടില്ല. പക്ഷേ ആത്മഹത്യയെക്കുറിച്ചാലോചന നടത്തത്തക്കവിധം അത്രത്തോളം ആശാരഹിതമായ ഒരു പ്രേമബന്ധത്തിൽ ഹ്യൂജിയുമായി ഞാൻ ഇടപെട്ടിരുന്നു എങ്കിൽ— കേട്ടോ, അച്ഛാ, അവളെ കല്യാണം കഴിക്കാൻ അച്ഛൻ എനിക്കനുവാദം തന്നേനേ! എന്തുകൊണ്ടെന്നാൽ ഒരു ദുഷ്പേരു പരന്നതിനുശേഷം സ്വയം ആത്മാവിനെ നശിപ്പിക്കുവാൻ തന്റെ പുത്രനെ വിടുന്നതിനേക്കാൾ ഭേദം അവൻ സുഖമായി ജീവിക്കുന്നതാണെന്നു മനസ്സിലാക്കുവാനുള്ള വിവേകമെങ്കിലും അച്ഛനുണ്ടാകാതിരിക്കില്ല.

ഹിറോക്കോ

ഞങ്ങളെ വിഡ്ഢികളാക്കാനാണല്ലോ നിന്റെ ശ്രമം.

ജിരോ

അതെ; അതിനുതന്നെ ഞാൻ ശ്രമിക്കുന്നത്.

ഹിറോക്കോ

നിന്റെ അച്ഛനമ്മമാരെ നിനക്ക് ഒരു ബഹുമാനവുമില്ല.

ജിരോ

മാതാപിതാക്കന്മാർക്ക് അവരുടെ സന്താനങ്ങളിൽ സ്നേഹമുണ്ടെന്ന ധാരണ സദാ പുലർത്തിക്കൊണ്ടുപോന്നവനാണ് ഞാൻ.

ഹിറോക്കോ

അച്ഛനോടും അമ്മയോടും മററും നിന്നെപ്പോലെ ഒരു കുട്ടിയും ഇങ്ങനെ തറുതല പറയാറില്ല.

Digitized By Kerala Sahitya Akademi

ജീരോ

ഒരുപക്ഷേ ഇല്ലായിരിക്കാം. എന്നുവെച്ച് അതേപ്പററി ചിന്തിച്ച് ഇങ്ങനെ വെറളിപിടിച്ചിട്ടെന്തു കാര്യം?

ഫിറോക്കോ

ദേ, പിന്നേയ്, നിങ്ങളച്ഛനല്ലേ? എന്തുകൊണ്ടു നിങ്ങൾ അവനെ ഒന്നും ചെയ്യുന്നില്ല? അവൻ എന്നെ കലികൊള്ളിക്കുന്നു.

ജീരോ

അമ്മ എന്നേയും കലികൊള്ളിക്കുന്നു.

ഷുസോ

ജീരോ, നീ കുറച്ചൊരു മിടുക്കനാണെന്നൊരു ഭാവം നിനക്കുണ്ട്. അതിനാൽ ഞങ്ങളെ ഇങ്ങനെയിട്ടു കുരങ്ങുകളിപ്പിച്ചു നിനക്കു രസിക്കാമെന്നാണ് നിൻെറ വിചാരം. പക്ഷേ നീ ഒന്നോർത്തോ!—തലമറന്നെണ്ണ് തേയ്ക്കുന്ന പ്രകൃതമാണ് നിൻേറതു്. നിൻെറ മാതാപിതാക്കന്മാർ ചെയ്തിട്ടുള്ള ഉപകാരം നീ വിസ്മരിക്കുന്നു.

ജീരോ

മാതാപിതാക്കന്മാർ ചെയ്തിട്ടുള്ള ഉപകാരം! ഉപകാരം എന്ന ആ വാക്കിനു വല്ല അർത്ഥവുമുണ്ടാകണമെങ്കിൽ അതു സന്താനത്തിൻെറ സുഖജീവിതത്തിനു സാഹായ്യമായിരിക്കണം. ഒരു കുട്ടി മുതിർന്ന പ്രായമായാൽ പിന്നെ അവൻ അവൻെറ മാതാപിതാക്കന്മാരെ സ്നേഹിക്കുന്നില്ല—അവരുടെ അടുത്തുനിന്ന് ഓടിയൊളിക്കുകയാണ് അവൻെറ ആവശ്യം. എൻെറ കാര്യത്തിൽ ഞാനിപ്പറഞ്ഞതു് ഒരു പരമാർത്ഥംമാത്രമാണ്. പക്ഷേ നിങ്ങളാകട്ടെ എൻെറ ചുമലിൽ നിങ്ങളുടെ ആ ഉപകാരഭാരം ഇപ്പോഴും കെട്ടിവെയ്ക്കാൻ പാടുപെടുന്നു; പക്ഷേ അതു നടപ്പില്ല.

Digitized By Kerala Sahitya Akademi

ഫിറോക്കോ

വല്ലാത്ത ഒരു ചെക്കൻതന്നെയപ്പാ നീ!

ജിരോ

അച്ഛാ! അമ്മേ! എന്താണ് നിങ്ങൾ സംസാരിക്കുന്നതെന്നു നിങ്ങൾ മനസ്സിലാക്കുന്നില്ല. ഒരു ചെറുപ്പക്കാരൻെറ ഹൃദയത്തെക്കുറിച്ചു നിങ്ങൾക്ക് ഒരു ചുക്കും അറിഞ്ഞുകൂടാ. നിങ്ങളുടെ ചെറുപ്പത്തിലെ ആ കാലമല്ലാ ഇത്. കാലമൊക്കെ മാറിപ്പോയി. പോരെങ്കിൽ ഒരു തൈമരം ഒരു പടുമരത്തിൻെറ തണലിൽ തങ്ങിനില്ക്കുവാൻ ഇഷ്ടപ്പെടുകയില്ലെന്നും മനസ്സിലാക്കിക്കൊള്ളൂ! ഒരു തൈമരത്തിനു സൂര്യപ്രകാശമാണാവശ്യം. കൊടുമ്പിരിക്കൊള്ളുന്ന കൊടുങ്കാററുകളുമായി സധീരം ഒന്നു പിടിച്ചുനോക്കുവാൻ അതു വെമ്പൽകൊള്ളുന്നു. പ്രായംചെന്നവർ ജീവിതം ക്ലേശിക്കുവാനുള്ളതാണെന്നു കരുതുന്നു; അതു തികച്ചും ആനന്ദിക്കുവാനുള്ളതാണെന്നാണ് ചെറുപ്പക്കാരുടെ വിചാരം. ഒരുവൻെറ ജീവിതം അതിൻെറ പരിപൂർണ്ണതയുടെ പരമപരിധിവരെ അങ്ങനെ ആനന്ദിച്ചാനന്ദിച്ചു കഴിച്ചുകൂട്ടുക! ഒരുവൻ അവൻേറതായ ആനന്ദം കണ്ടുപിടിക്കുക!—ഹാ, ഈ വാക്കുകൾ വാസ്തവത്തിൽ സൌന്ദര്യമുള്ളവയല്ലേ, അച്ഛാ?

ഷുസോ

പക്ഷേ, ജിരോ, നീ സ്വാതന്ത്ര്യാഗം വിസ്മരിച്ചുകൂടാ.

ജിരോ

സ്വാതന്ത്ര്യാഗത്തെ ഞാൻ വിസ്മരിക്കുകയല്ല. എൻെറ സ്വന്തം ഇംഗിതത്തെ ഞാൻ സ്വയം സന്തോഷപൂർവ്വം ബലികഴിക്കാം; പക്ഷേ അതു മററുള്ളവരുടെ ഹിതാനുസരണമല്ലെന്നുമാത്രം. അച്ഛനും അമ്മയും എന്നെ സംശയിച്ച രീതിയിലുള്ള ആൾ യഥാർത്ഥത്തിൽ ഞാൻതന്നെ ആയിരുന്നു എങ്കിൽ,

Digitized By Kerala Sahitya Akademi

ഒന്നു തിച്ചയാണ്, ഇതിനൊക്കെ മുമ്പുതന്നെ ഈ വീടും ഉപേക്ഷിച്ച് എൻെറ പാട്ടു നോക്കി ഞാൻ ആ പെൺകുട്ടിയേയുംകൊണ്ടു കടന്നുകളയുമായിരുന്നു. പൂർണ്ണമനസ്സാലെതന്നെ ഞാൻ എൻെറ അച്ഛനമ്മമാരുടെ മുഖത്തു കരി തേയ്ക്കുകയും ഒരു സമുദായഭ്രഷ്ടനായിത്തീരുകയും ചെയ്യുമായിരുന്നു!

ഫിറോക്കോ

നിനക്കെങ്ങനെ ധൈര്യം വരുന്നു, ഈശ്വരാ, ഇങ്ങനെയൊക്കെ പുലമ്പാൻ?

ഷൂസോ (ഫിറോക്കോവിനോട്)

ക്ഷമിച്ചിരിക്ക! അവൻ പറയുന്നതെന്താണെന്ന് അവനുതന്നെ അറിഞ്ഞുകൂടാ. പക്ഷേ ഫ്യൂജിയുടെ കാമുകനായി നാം ശങ്കിക്കുന്ന ആൾ അവനല്ലാ എന്ന് അവൻ പറയുമ്പോൾ, എന്തോ, എനിക്കതിൽ വിശ്വാസം തോന്നുന്നുണ്ട്. (ജീരോവിനോട്) ഏതായാലും ഫ്യൂജിയുടെ കാമുകൻ നീയല്ലെന്ന് എനിക്കു ബോധപ്പെട്ടിരിക്കുന്നനിലയ്ക്കു നിനക്കിനി പോകാം. ഇതിൽ കൂടുതലായി ഒന്നുംതന്നെ എനിക്കു നിന്നോടു പറയാനില്ല.

ഫിറോക്കോ

അയ്യോ, കഷ്ടം, നിങ്ങളവനെ വിശ്വസിക്കുന്നോ?

[ജീരോ തല കുനിച്ചു പൊട്ടിക്കരയുന്നു]

ഫിറോക്കോ

ഉം? എന്താണ്, എന്താണ് സംഗതി?........നിനക്കു സുഖമില്ലേ?

ജീരോ

എനിക്കു സുഖമുണ്ടാകട്ടെ, ഇല്ലാതിരിക്കട്ടെ, നിങ്ങളെന്തിനതന്വേഷിക്കുന്നു? ഡോക്ടരുടെ 'ബിൽ' എതായാലും വലിയ ഒരു തുകയൊന്നുമായിരിക്കില്ല.

Digitized By Kerala Sahitya Akademi

ഷൂസോ

ജിരോ! നിനക്കു തീർച്ചയായും ഫ്യൂജിയോടു സ്നേഹമുണ്ട്. അവൾക്കുവേണ്ടി നീ പ്രാണൻ കളയും. നീ ഇതുപോലിങ്ങ നെ കരയുന്നതു മുൻപൊരിക്കലും ഞാൻ കണ്ടിട്ടില്ല.

ജിരോ

നിസ്സാരസംഗതികളിൽ ഞാൻ പലപ്പോഴും കരയാറു ണ്ട്. മനശ്ശല്യം അനുഭവിക്കുന്നതിനേക്കാൾ എളുപ്പമാണ് ക രയുക. പക്ഷേ ദയവുചെയ്ത് എന്നെ തനിച്ചുവിടൂ. (അല്പനേര ത്തെ മൌനത്തിനുശേഷം അയാൾ തലയുയർത്തി നിലകൊള്ളു ന്നു) എനിക്കെൻെറ തലയൊന്നു തണുപ്പിക്കേണ്ടിയിരിക്കുന്നു.

[അയാൾ വാതിൽ തുറന്നു പുറത്തേയ്ക്കിറങ്ങിപ്പോകു ന്നു. ഷൂസോവും ഹിറോക്കോവും അവൻ പോ യവഴിയേ കണ്ണുനട്ടുന്നു. കുറച്ചുനേരത്തേയ്ക്ക് ഒരു മൌനം. അനന്തരം—]

ഹിറോക്കോ

എന്തൊരു ശല്യം! നാം എന്താണിനി ചെയ്യാൻ പോകു ന്നത്?

ഷൂസോ

ഉഔംംം! എന്തായാലും നമ്മുടെ ഇളയ മകനാണല്ലോ, ജിരോ! വേണ്ടിവന്നാൽ, അവളെ കല്യാണം കഴിക്കാൻ, മന സ്സില്ലാമനസ്സോടെയാണെങ്കിലും, നാം സമ്മതം മൂളുകതന്നെ. അല്ലാതെന്തു നിവൃത്തി? എന്തായാലും, ഇനി അതിനെക്കുറി ച്ചാലോചിച്ചു മനസ്സു പുണ്ണാക്കാതിരിക്കു!

[കുറച്ചുനേരത്തേയ്ക്കു വീണ്ടും ഒരു നിശ്ശബ്ദത. അ ങ്ങിനെയിരിക്കെ വാതിലിന്മേൽ ഒരു മുട്ടു കേൾക്കുന്നു]

Digitized By Kerala Sahitya Akademi

ഷുസോ

ആരാത്?

ടോഷിക്കോ (വെളിയിൽ)

ടോഷിക്കോ

ഷുസോ

അകത്തു വരൂ.

[ടോഷിക്കോ പ്രവേശിക്കുന്നു]

ഷുസോ

എന്താ?

ടോഷിക്കോ

ഒന്നുമില്ല. ജിറോ അവിടെയിരുന്നു കരയുകയാ—അത്രയേ ഉള്ളു. എന്താ ചേട്ടനു പററിയത്?

ഷുസോ

നീയതൊന്നും അന്വേഷിക്കണ്ട! അവൻ എന്തുചെയ്യുന്നു?

ടോഷിക്കോ

ചേട്ടൻെറ മുറിയുടെ മുമ്പിലുള്ള ഹാളിൽ തലമുടി വലിച്ചുപറിച്ചുകൊണ്ട് അങ്ങോട്ടുമിങ്ങോട്ടും നടക്കുകയാ!—ഞാൻ ചോദിച്ചു ചേട്ടനെന്താണെന്ന്. 'ഒന്നുമില്ല' എന്നുമാത്രമായിരുന്നു മറുപടി. പിന്നീടു ചേട്ടൻ എന്താ ചെയ്തതെന്നു ഞാൻ ചോദിച്ചു. എന്നോടു ചെലയ്ക്കാതിരിക്കാൻ പറഞ്ഞുകൊണ്ടു ചേട്ടൻ എൻെറമുഖത്തു രൂക്ഷമായി തുറിച്ചുനോക്കി. പക്ഷേ ചേട്ടൻ കരയുന്നതുകണ്ട് എനിക്ക് അത്ഭുതം തോന്നി. ഏറെ നേരമായി ചേട്ടൻ ഈ മുറിയിലായിരുന്നുവെന്നും അച്ഛനും അമ്മയുമായി എന്തോ പറയുകയായിരുന്നുവെന്നും എനിക്കറിയാമായിരുന്നു. എന്നാൽ കാര്യമെന്തെന്നറിയാം എന്നു കരുതി ഞാനിങ്ങോട്ടു പുറപ്പെട്ടു എന്നേയുള്ളു.

Digitized By Kerala Sahitya Akademi

ഹിറോക്കോ

ഈയിടെ പലപ്പോഴും കരയാറുണ്ടെന്ന് അവൻ പറയുന്നു. ആട്ടെ നിയെപ്പോഴെങ്കിലും കണ്ടിട്ടുണ്ടോ അവൻ കരയുന്നത്?

ടോഷിക്കോ

ഉവ്വ്; മൻപ് ഒരു പ്രാവശ്യം.

ഹിറോക്കോ

എന്നായിരുന്നു അത്?

ടോഷിക്കോ

ഏതാണ്ടൊരു മൂന്നാഴ്ചയ്ക്കുമൻപ്—താരോചേട്ടൻെറ ഒരെഴുത്തു ഞാൻ ചേട്ടൻെറ കയ്യിൽ കൊണ്ടുചെന്നുകൊടുത്തപ്പോൾ!

ഹിറോക്കോ

പിന്നേയ്, ഏറെ നാളായിരിക്കുന്നു നാം താരോവിൻെറ വർത്തമാനം എന്തെങ്കിലുമറിഞ്ഞിട്ട്. അവനെന്തു പററിയെന്നു ഞാനത്ഭുതപ്പെടുന്നു.

ടോഷിക്കോ

ഒരു മാസക്കാലത്തേയ്ക്കോ മറേറാ കത്തയയ്ക്കാനിനി തരപ്പെടുകയില്ലെന്നു ചേട്ടൻെറ കഴിഞ്ഞ കത്തിൽ പറഞ്ഞിരുന്നില്ലേ?

ഹിറോക്കോ

വലിയ ജോലിത്തിരക്കുണ്ടെന്നു ചുമ്മാതങ്ങനെ ഭാവിക്കുകയാണ്, കള്ളൻ! അവനതിനു മിനക്കെടാൻ കഴിയില്ല. അതേ ഉള്ളൂ. പക്ഷേ അതു നമുക്കെത്രമാത്രം സങ്കടകരമാണെന്ന് അവനറിവുണ്ട്; ഇതിനുമൻപുതന്നെ അവൻ കത്തയയ്ക്കേണ്ടതായിരുന്നു.

Digitized By Kerala Sahitya Akademi

ടോഷിക്കോ

പ്രധാനപ്പെട്ട എന്തെങ്കിലും കാര്യത്തിൽ ചേട്ടനു ശ്രദ്ധ പതിപ്പിക്കേണ്ടതായിട്ടുണ്ടായിരിക്കാം.

ഫിറോക്കോ

ആയിക്കോട്ടേ. എന്നാലും മാസം രണ്ടായില്ലേ അവന് ഒരെഴുത്തു് അയച്ചിട്ടു്! നമുക്കെപ്പോഴും ഒരു താങ്ങായിരിക്കേണ്ടവനുമാണവൻ!

ടോഷിക്കോ

അമ്മേ, ജീരോച്ചേട്ടൻ എന്താ ചെയ്തതു്?

ഫിറോക്കോ

അവനൊന്നും ചെയ്തിട്ടില്ല. ആട്ടെ, എന്തെങ്കിലും ഒരു ഭാവവ്യത്യാസം നീയവനിൽ സൂക്ഷിച്ചിട്ടുണ്ടോ?

ടോഷിക്കോ

ഇല്ല. ചേട്ടനിൽ ഒരു ഭാവവ്യത്യാസവും ഞാൻ കണ്ടിട്ടില്ല. വിശേഷിച്ചു ചേട്ടനു ജോലിത്തിരക്കൊന്നുമില്ലാത്തപ്പോൾ ചേട്ടൻ വളരെ സ്നേഹപൂർവ്വം എന്നോടു പെരുമാറുന്നു. പിന്നെ—വല്ലതും ധൃതിയിൽ ജോലിചെയ്തുകൊണ്ടോ, ചിന്തിച്ചുകൊണ്ടോ ഇരിക്കുന്ന അവസരത്തിൽ കടന്നുചെന്നു് എന്തെങ്കിലും ചോദിച്ചാൽ ചേട്ടൻ എന്റെ മുഖത്തേയ്ക്കു തുറിച്ചുനോക്കുക മാത്രമേ ചെയ്യുള്ളൂ.

ഫിറോക്കോ

വിചിത്രസ്വഭാവക്കാരനായ ഒരു കുട്ടിതന്നെ ജീരോ. എനിക്കവനെ മനസ്സിലാക്കാൻ സാദ്ധ്യമല്ല.

[ഈ മുൻനടന്ന സംഭാഷണത്തിനിടയിൽ ഷുസോ എന്തോ ആലോചനയിൽ മുഴുകിയിരിക്കുകയായിരുന്നു. ഇപ്പോൾ പൊടുന്നനെ അദ്ദേഹം ഫിറോക്കോവിനോടു സംസാരിക്കുന്നു]

Digitized By Kerala Sahitya Akademi

ഷൂസോ

പറയൂ!

ഹിരോക്കോ

ഉൗം, എന്താണ്?

ഷൂസോ

ഞാൻ ഒരു സംഗതിയെക്കുറിച്ചു ചിന്തിക്കയായിരുന്നു— അതിഭയങ്കരമായ ഒരു സംഗതി!

ഹിരോക്കോ

എന്താണതു്?

ഷൂസോ

ആ മനുഷ്യൻ—താരോ ആകാൻ മതി!

ഹിരോക്കോ

ഈശ്വര! അങ്ങിനെ ആണെങ്കിൽ നാം എന്തു ചെയ്യും?

ഷൂസോ

നമുക്കിതുവരെ ഉണ്ടായിട്ടില്ലാത്തവിധം അത്ര നാശംപിടിച്ച ഒരു ദുഷ്ഘടത്തിൽ നമുക്ക് അകപ്പെടേണ്ടിവരും. (ടോഷിക്കോവിനോട്ട്) നീ ഇനിപൊയ്ക്കോളൂ!

[ടോഷിക്കോ പോകുന്നു]

ഷൂസോ

അങ്ങനെയാണെന്നു ഞാൻ വിശ്വസിക്കുന്നു.

ഹിരോക്കോ

ഒരിക്കലുമല്ല! തീർച്ച!

ഷൂസോ

ഒരുപക്ഷേ അല്ലെന്നും വരാം; പക്ഷേ മറിച്ചാണെങ്കിൽ, ജീരോ എന്തിനിങ്ങനെ വിചിത്രമായ രീതിയിൽ സംസാരിക്കുന്നു? ഫ്യൂജിയെ പിരിച്ചയച്ചതിനെപ്പററി സൂചിപ്പിച്ചുകൊണ്ടു നാം കത്തയച്ചതിൽ പിന്നീടാണ് താരോവിൻെറ കത്തു

Digitized By Kerala Sahitya Akademi

കൾ വരാതായതു്. അതിനുമുൻപു് ആഴ്ചയിൽ രണ്ടും, മൂന്നും പ്രാവശ്യം അവൻ എഴുതുക പതിവാണു്. കൂടെക്കൂടെ ഒന്നിനുപുറകെ ഒന്നായി എന്തിനാണവൻ ഇങ്ങനെ കത്തുകൾ വിടുന്നതെന്നു് എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞില്ല. രണ്ടു കുട്ടികളും അന്യോന്യം അത്യുഷ്ണ സ്നേഹമായതുകൊണ്ടുമാത്രമാണെന്നേ ഞാൻ കരുതിയുള്ളു. ഈ സംഗതി എത്രമാത്രം വിചിത്രമാണെന്നു മറേറതവസരത്തിലെയുംകാൾ സ്പഷ്ടമായി ഇപ്പോൾ എനിക്കു ബോധപ്പെട്ടിരിക്കുന്നു. ഹ്യൂജിയെ ഒരിക്കലും താൻ കല്യാണം കഴിക്കില്ലെന്നും അവളുമായി ഒരു കത്തിടപാടും നടത്തുകയില്ലെന്നും ജിരോ ശപഥംചെയ്തു. അവൻ കളവു പറഞ്ഞതാണെന്നു് എനിക്കു തോന്നുന്നില്ല.

ഫിറോക്കോ

അയ്യോ, ഇതു സത്യമാണെങ്കിൽ ബഹു ഭയങ്കരമാണേ!

ഷുസോ

ഒന്നാന്തരം ഒരു കൊടുമ്പിരിയാണിതു്! എന്തിനാണു് ജിരോ അതുപോലെയൊക്കെ സംസാരിച്ചതും പ്രവത്തിച്ചതുമെന്നു് ഇപ്പോൾ എനിക്കു മനസ്സിലാക്കാം. ഉദാഹരണമായി നോക്കൂ! ഹ്യൂജിയെ നാം സംരക്ഷിക്കണമെന്നും ഒരു മോഹിനിയാട്ടക്കാരിയാകുവാൻ ഒരിക്കലും അവളെ വിട്ടുകൂടെന്നുമുള്ള അവന്റെ നിർബ്ബന്ധം. ഇതിനേക്കാളെല്ലാം ഉപരിയായി മറെറാന്നുണ്ടു് വിദേശത്തേക്കു പോകുന്നതിനുമുൻപുള്ള ജിരോവിന്റെ സംസാരം—അതിന്റെ അത്ഥം ശരിക്കും എനിക്കിന്നു മനസ്സിലാക്കാൻ കഴിയും.

ഫിറോക്കോ

ഈശ്വരാ, ഇതു സത്യമാണെങ്കിൽ! നാം എന്താണിനി ചെയ്യുക?—അതു പറയൂ.

Digitized By Kerala Sahitya Akademi

ഷ്വസോ

അങ്ങനെതന്നെ! പറയൂ, നാം എന്താണിനി ചെയ്യുക?

ഫിറോദക്കോ

നാം അവരെ വേർപെടുത്തുന്നപക്ഷം അവർ ആത്മഹത്യ ചെയ്യുമെന്നു നിങ്ങൾ വിചാരിക്കുന്നുണ്ടോ?

ഷ്വസോ

അത്രയ്ക്കൊരു മരമണ്ടനാണ് താരാ എന്ന് എനിക്കു തോന്നുന്നില്ല.

ഫിറോദക്കോ

അതു് അവന്റെ ആരോഗ്യത്തെ നശിപ്പിച്ചുകളയുമെന്നു നിങ്ങൾക്കു തോന്നുന്നോ?

ഷ്വസോ

എനിക്കങ്ങനെ തോന്നുന്നില്ല.

ഫിറോദക്കോ

പക്ഷേ നാമ്മ അവൻ വെറുക്കും.

ഷ്വസോ

അതെ. അവൻ നമ്മെ വെറുക്കുമെന്ന് എനിക്കും തോന്നുന്നു. അതിനുപുറമേ ജീരോവിനും നമ്മോടു വെറുപ്പുതോന്നും.

ഫിറോദക്കോ

എന്നിരുന്നാലും, അവളെയങ്ങു കല്യാണം കഴിക്കാൻ താരോവിനെ നാം അനുവദിച്ചാൽ നമ്മുടെ കുടുംബത്തിന് അതു വല്ലാത്ത ഒരു പോരായ്മയായിത്തീരും.

ഷ്വസോ

അതെ. അതാണ് വിഷമം. ഇനിയുള്ള നമ്മുടെ ജീവിതകാലത്തു നമുക്കു മനുഷ്യരുടെ മുഖത്തു നോക്കാൻ സാധിക്കില്ല. നാണംകെട്ട ഒരു ജീവിതമായിരിക്കും നമുക്ക്!

[അയാൾ വാതിൽക്കലേയ്ക്കു കണ്ണയച്ചിട്ടു കുറേക്കൂടി പതിഞ്ഞ ഒരു സ്വരത്തിൽ സംസാരിക്കുന്നു]

Digitized By Kerala Sahitya Akademi

നാം പറയുന്നതെല്ലാം ജിരോ ഒളിച്ചുനിന്നു കേൾക്കുക യായിരിക്കും.

ഫിറോക്കോ

ഇല്ല, നിശ്ചയമായും ഇല്ല.

ഷുസോ

അവനെ അങ്ങനെ വിശ്വസിച്ചുകൂടാ!

ജിരോ (വാതിലിനു വെളിയിൽ)

പാടില്ല; നിങ്ങൾ അവനെ വിശ്വസിക്കാൻ പാടില്ല. (അയാൾ വാതിൽ തുറന്ന് അകത്തേയ്ക്കു വരുന്നു) ഇവിടെ എന്താണ് നടക്കുന്നതെന്നു ടോഷിക്കോവിൽനിന്നു ഞാൻ മനസ്സിലാക്കി. അതിനാൽ ഞാൻ വാതിൽക്കലേയ്ക്ക് ഒരൊച്ചയുമുണ്ടാക്കാതെ സൂത്രത്തിൽ നടന്നുവന്നു. നിങ്ങൾ പറഞ്ഞതു മുഴുവനും—ഒരക്ഷരം വിടാതെ—ഞാൻ ഒളിച്ചുനിന്നു കേട്ടു.

ഷുസോ

....

ഫിറോക്കോ

....

ജിരോ

താരോ ആണ് ആ ആളെന്നു നിങ്ങൾ ഊഹിച്ചല്ലോ. അതു ശരിയാണ്. പക്ഷേ അവർ തമ്മിലുള്ള ബന്ധത്തെ സംബന്ധിച്ചിടത്തോളം നിങ്ങൾക്കു തെററു പററി. അവർ അന്യോന്യം എത്ര ഗാഢമായി സ്നേഹിക്കുന്നുണ്ടെന്നു നിങ്ങൾക്ക് ഒരു നിശ്ചയവുമില്ല.

ഷുസോ

അതിനെക്കുറിച്ച് അത്ര കാര്യമാക്കണ്ട. ഫ്യൂജിയുമായുള്ള അവൻെറ സംഗതിയെ സംബന്ധിച്ചു പരിപൂർണ്ണമായി ഞങ്ങൾക്കറിയാമെന്നും, ഞങ്ങൾക്കതിൽ വലിയ കുണ്ഠിതമുണ്ടെ

Digitized By Kerala Sahitya Akademi

ന്നും, പക്ഷെ അതിനോട്ട് ആനുകൂല്യം പ്രദശിപ്പിക്കാൻ ഞങ്ങൾക്കു സാദ്ധ്യമല്ലെന്നും കാണിച്ചു ഞാൻ താരോവിന്ന് എഴുതിക്കൊള്ളാം.

ജീരോ

അച്ഛൻ അങ്ങനെ പറഞ്ഞു ചേട്ടനു കത്തയച്ചാൽ ഞാൻ ഇങ്ങനെ പറഞ്ഞു ചേട്ടനു കത്തയയ്ക്കും: 'ചേട്ടൻെറ കാര്യത്തിൽ അച്ഛനും അമ്മയും സന്തോഷംകൊണ്ടങ്ങനെ മതിമറന്നിരിക്കയാണ്. ചേട്ടൻ പ്രതീക്ഷിച്ചിരുന്നതിലും എത്രയോ എളുപ്പമായി എല്ലാ കാര്യങ്ങളും തീരുമാനിക്കപ്പെട്ടിരിക്കുന്നു.' ഞാനിതാ സത്യംചെയ്യുന്നു, ഞാൻ ഇങ്ങനെ ചെയ്യുമെന്ന്. എൻെറ ശ്രദ്ധക്കുറവുകൊണ്ടാണ് ഈ സംഗതിതന്നെ വെളിച്ചത്തായിപ്പോയതു്. അതിനാൽ ഈ പ്രശ്നത്തിന്ന് ഒരു പരിഹാരം കണ്ടുപിടിക്കേണ്ടതു് എൻെറ ചുമതലയാണ്. അവർ രണ്ടുപേരും എന്നെ വിശ്വസിച്ചു അവരുടെ വിശ്വാസത്തിനു ഞാൻ യോഗ്യനാണെന്നും എനിക്കു തോന്നി. അതുകൊണ്ടു് അവർ തമ്മിലുള്ള വിവാഹത്തിനു ഞാൻ അവരെ സഹായിക്കും.

ഷൂസോ

ഈ ഭീഷണിപ്പെടുത്തുന്നപോലെ നീ പ്രവത്തിച്ചാൽ ഞാൻ നിന്നെ ഈ വീട്ടിൽനിന്നടിച്ചു പുറത്താക്കും.

ജീരോ

ഞാനതിനു തയ്യാറാണ്. അങ്ങനെതന്നെ ചെയ്യണം. എൻെറ സ്വന്തം കാലിന്മേൽ നില്ക്കാൻ ഞാൻ സന്നദ്ധനാണ്. അതിൻെറ പ്രാരംഭത്തിന്ന് ഒഖയാഷി എന്നെ സഹായിക്കും........എന്നെപ്പററി വിചാരിച്ചു ക്ലേശിക്കേണ്ടെന്നു താരോവിനോടും ഫ്യൂജിയോടും ഞാൻ പറഞ്ഞപ്പോൾ ഞാനതു മനസ്സിലാക്കി. കുറച്ചുനേരത്തിനുമുൻപു് ഞാനിവിടെനിന്നു

Digitized By Kerala Sahitya Akademi

കരഞ്ഞതുതന്നെ എനിക്ക് അച്ഛൻേറയും അമ്മയുടേയും പേ റിൽ അത്യധികം അനുകമ്പയുള്ളതുകൊണ്ടു മാത്രമാണ്.

[കുറച്ചുനിമിഷത്തേയ്ക്കു മാതാപിതാക്കളുടെ മുഖത്ത് അത്ഭുതാങ്കിതമായ ഒരു മൗനം പ്രത്യക്ഷപ്പെടു ന്നു; അനന്തരം—]

ഫിറോക്കോ

എന്തുമാതിരിയൊരു കുട്ടിയാണപ്പാ ഇതു്.

ഷുസോ

എനിക്കുപോലും അത്ഭുതം തോന്നുന്നു!

ജിരോ

മരണമുണ്ടല്ലോ, മരണം, അതുപോലും തൃണമാണെനി ക്ക്!

[അയാളുടെ കണ്ണുകളിൽനിന്നു കണ്ണുനീർത്തുള്ളി കൾ പുറപ്പെടുന്നു]

ഷുസോ

നിന്നെ ഇവിടെനിന്ന് ആട്ടിപ്പായിച്ചാൽ കൊള്ളാമെ ന്ന് എനിക്കാഗ്രഹമുണ്ട്; പക്ഷേ എനിക്കതിനു ധൈര്യം വ രുന്നില്ല. ഒരു കുഞ്ഞിന് അവന്റെ മാതാപിതാക്കന്മാർ ന ഷ്ടപ്പെടുന്നതിനേക്കാൾ വളരെ ക്ലേശകരമാണ് മാതാപിതാക്ക ന്മാർക്ക് ഒരു കുഞ്ഞു നഷ്ടപ്പെടുന്നതു്.

ഫിറോക്കോ

എന്നാലും സാരമില്ല, നമുക്കു പിന്നേയും ടോഷിക്കോ ഉ ണ്ടല്ലോ.

ടോഷിക്കോ (വെളിയിൽ)

അമ്മേ! (അകത്തേയ്ക്കു കടന്നുവന്നു തുടരുന്നു) അമ്മേ,കൊ ച്ചേട്ടനെ വീട്ടിൽനിന്ന് ആട്ടിപ്പുറത്തയച്ചാൽ അതോടൊ പ്പംതന്നെ എന്നേയും ആട്ടിപ്പറഞ്ഞയയ്ക്കണം.

Digitized By Kerala Sahitya Akademi

ഹിറോക്കോ

എന്തൊരു വശ്യമാണിശ്വരാ, ഈ കുട്ടികൾ!

ഷൂസോ

ലോകത്തെക്കുറിച്ച് ചുക്കും ചുണ്ണാമ്പും അറിഞ്ഞുകൂടാത്ത ആളുകളുടെ മുൻപിൽ ഞാൻ നിസ്സഹായനാണ്.

ജീരോ

അച്ഛാ, ഞാൻ പറയുന്നത് അച്ഛനൊന്നു ശ്രദ്ധിക്കുമോ? എന്നിട്ട് എനിക്കുവേണ്ടി അല്പം ചിലതു ചെയ്തുതരുമോ?

ഷൂസോ

ഞാൻ അതിനേക്കുറിച്ചാലോചിക്കാം.

ജീരോ

അച്ഛാ, അമ്മേ, നിങ്ങളിൽനിന്ന് എനിക്കൊരു ആനുകൂല്യം അപേക്ഷിക്കാനുണ്ട്.

ഷൂസോ

എന്താണത്?

ജീരോ

ഒബയാഷിയെ വിവാഹം കഴിക്കാൻ അച്ഛനും അമ്മയും ടോഷിക്കോവിനെ അനുവദിക്കുമോ?

ഷൂസോ

എത്രനാളായി ഞാനതിനു സമ്മതിച്ചിരിക്കയാണല്ലോ!

ജീരോ

അമ്മയോ, അമ്മേ?

ഹിറോക്കോ

എനിക്കു സമ്മതമാണ്.

ജീരോ

നിങ്ങൾക്കു നന്ദി. (ടോഷിക്കോവിനോട്) ടോഷിക്കോ, നീയുടൻതന്നെ ചെന്ന് ഒബയാഷിക്കു ടെലിഫോൺ ചെയ്യുന്നതാണ് നന്ന്!

Digitized By Kerala Sahitya Akademi

[ടോഷിക്കോ തല കുലുക്കിക്കൊണ്ടു വെളിയിലേ
ക്കു പോകുന്നു]

ഷൂസോ

ആട്ടെ, ജീരോ, നിനക്ക് ആതമില്ലേ വിവാഹം കഴി
ക്കാൻ?

ജീരോ

എനിക്കോ? ഹേയ്, ഇതുവരെയില്ല.

ഷൂസോ

എന്നാൽ ഞാൻ നിനക്കു് ആരെയെങ്കിലും കണ്ടുപിടി
ക്കാം.

ജീരോ

അങ്ങനെതന്നെ; ആയിക്കോളൂ!

ഷൂസോ

നീയും ഫ്യൂജിയും തമ്മിൽ പ്രണയമാണ്, അല്ലേ?

ജീരോ

അതിനുത്തരം പറയാൻ എനിക്കു സാദ്ധ്യമല്ല.

ഷൂസോ

ജീരോ, നീ ആഗ്രഹിക്കുന്നതെന്തിനും ഞാൻ സമ്മതി
ക്കാം. നിൻെറ ഇഷ്ടംപോലെ എന്തു വേണമെങ്കിലും നീ താ
രോവിന് എഴുതിഅയച്ചുകൊള്ളൂ! അതവനെ സന്തുഷ്ടനാക്കും.
ഈ ലോകം മുഴുവൻതന്നെ എനിക്കു നഷ്ടപ്പെട്ടാലുംശരി, നി
ന്നെ ഞാൻ നഷ്ടപ്പെടുകയില്ല. മകനേ, ഞാൻ നിന്നെ സ്നേ
ഹിക്കുന്നു!

ജീരോ

അച്ഛാ, അച്ഛനു നന്ദി. താരോവിനും ഫ്യൂജിക്കും എ
ന്തൊരാനന്ദമായിരിക്കും! പിന്നെ—അമ്മേ, അമ്മ ഒട്ടുംതന്നെ

Digitized By Kerala Sahitya Akademi

ക്ലേശിക്കേണ്ട. സമുദായത്തിൻെറ ബഹുമാനം അമ്മയ്ക്കും അച്ഛനും നഷ്ടപ്പെടുന്നുവെങ്കിൽ ഞങ്ങളുടെ സ്നേഹമാണ് നിങ്ങൾ സമ്പത്തായി സമ്പാദിക്കുന്നത്. ഞാൻ മുൻപു പറഞ്ഞതിനെല്ലാം എനിക്കു മാപ്പുതരൂ!

ഷുസോ

നീ മരിക്കാൻ വിചാരിക്കുന്നില്ല, ഉവ്വോ ജിരോ?

ജിരോ

ഒരിക്കലുമില്ല. അതിൽനിന്ന് എത്രയോ അകൽച്ചയുള്ള ഒന്നാണ് എൻെറ ചിന്താമണ്ഡലം! മററു ചില കാര്യങ്ങൾ എനിക്കു ചെയ്യേണ്ടതായിട്ടുണ്ടു.

[അയാൾ പ്രണമിച്ചുകൊണ്ടു ശാന്തമായി വെളിയിലേയ്ക്കു പോകുന്നു]

ഷുസോ (ഫിറോക്കോവിനോട്)

എതായാലും ഇനി ഒട്ടുംതന്നെ ക്ലേശിക്കാതിരിക്കൂ! നിൻെറ കുട്ടികൾ എല്ലാപേരും നിൻെറ അടുത്തു തിരിച്ചെത്തിയിരിക്കുന്നു. എനിക്കു തോന്നിപ്പോകുന്നു ഞാനും നിൻെറ അടുത്തേയ്ക്കു മടങ്ങിയെത്തുകയാണെന്ന്! അടുത്തകൊല്ലംകഴിഞ്ഞു പിന്നത്തെക്കൊല്ലം [illegible] ണാം.

[ഫിറോക്കോ ഷുസോവിൻെറ മുഖത്തേയ്ക്കു നോക്കുന്നു. അവർ അന്യോന്യം പുഞ്ചിരിതൂകുന്നു]

[യവനിക]

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi